കഥാചന്ദ്രിക.

പുസ്തകം ൩. ഫെബ്രുവരി മാസ്സ് ൫ക്കം ൨.



"Jesus taught them many things in parables." (Mark 4-2.)

"യേശു അവരെ പലതും കഥയായിട്ടു പഠിപ്പിച്ചു." (മർക്കോസ് ൪-൨.)

പത്രാധിപർ: ഫാദർ ജേക്കബ് നടുവത്തുശ്ശേരിൽ.

വിഷയവിവരം.

1. മംഗളം.
2. മാപ്പാപ്പായുടെ രാജാധികാരം.
3. പ്രസാധകക്കുറിപ്പുകൾ.
4 ആപർമോചനം.
5. മാർച്ചുമാസകീർത്തനം.
6. സ്പെയിൻരാജാവും പ. കുർബ്ബാനയും.
7. ഗരംശോയുടെ കഷ്ടാനുഭവം.
8. പന്ത്രണ്ടാമത്തെ വാശ്ശാനം.
9. പരിശുദ്ധ യൌസെഫ് സുവം.
10. അനുഗ്രഹലേഖനം.
11. പി. ലൊജീനോസും കൂട്ടരും.
12. ചെറുപുഷ്പത്തൊടുള്ള നവനം.
13. അഫ്ഗാനിസ്ഥാൻ രാജാവും വത്തിക്കാനും.
14. കന്യാവ്രതസംരക്ഷകൻ.
15. എന്തുകൊണ്ടും ഒന്നാമതുള്ള മാതാവെ.
16. കൃതജ്ഞതാപ്രകാശനം.

"റാസഞ്ചൻ" എന്ന ദിവ്യൌഷധം.

അകമേയും പുറമേയുമുള്ള എല്ലാത്തരം വേദനകളും, ക്ഷയം, ക്ഷീണം, ആസ്മാ, പുണ്ണ് എന്നിവകളും, വിവിധതര മുറിവുകളും, വ്രണങ്ങളും, ചതവുകളും സുഖപ്പെടുത്തുന്ന ഒരു സിദ്ധൌഷധം.

വാതവും, ഞരമ്പുകളും മാംസപേശികളും സംബന്ധിച്ച രോഗങ്ങളും കൊണ്ടു കഷ്ടപ്പെടുന്നവക്കു 'റാസഞ്ചൻ' സാക്ഷാൽ ഒരു അനുഗ്രഹം തന്നെയാണു്. വില ഡപ്പി ഒന്നുക്കു ഫ. സാമ്പിൾ ഡപ്പിക്കു രൂ ണാ. മാത്രം. തപാൽ കൂലി മുതലായതു പുറമെ. ഉപയോഗിക്കേണ്ട ക്രമം ഡപ്പിയോടുകൂടി ഉണ്ടായിരിക്കും.

ഏജണ്ടന്മാരെ ആവശ്യമുണ്ടു. അപേക്ഷിക്കേണ്ടതു മേൽവിലാസം.

ഫ്രാൻസിസ്, കൊച്ചി. OR

സേക്രഡ് ഹാർട്ട്സ ഡിപ്പോ, ഏറണാകുളം.

പുതിയഡിപ്പോ. മിതമായവില.

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാശുരൂപം, ചെറുതും വലുതുമായ കടലാസുരൂപങ്ങളും കൊത്തുരൂപങ്ങളും, ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം ഏറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അരമനയുടെ അടുത്തു തെക്കുവശത്തു ബ്രോഡ്വെയിലുള്ള കെട്ടിടത്തിൽസ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വില്പനപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചുകൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിപ്പോ,—ഏറണാകുളം.

വരിക്കാർ അറിവാൻ:— വരിപ്പണം ഇനിയും തന്നിട്ടില്ലാത്തവർ ഏപ്രിൽ മാസത്തിനുമുമ്പു അതു അയച്ചുതരണം. അല്ലാത്തപക്ഷം അവക്കെല്ലാം അടുത്ത ലക്കം വി. പി. യായി അയയ്ക്കുന്നതാണ്. (ക. ച. പ.)

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൩. | ൧൯൨൬ മാർച്ച്. | ലക്കം ൭.

മംഗളം.

പലനിരുപമപദ്യമാലമൂടീ-
ട്ടുലകിലപങ്കിലകീർത്തിയാടമാത്തി
തിലകസദൃശശോഭപൂണ്ടുഭംഗ്യാ-
വിലസുക! "ചന്ദ്രിക" മോദമോടു നീണാൾ.

(ശ്രീമാൻ എൻ. റ്റി. മത്തായി നടിയക്കാനം.)

മാപ്പാപ്പായുടെ രാജാധികാരം

മാപ്പാപ്പായുടെ രാജാധികാരം ഒരുപുതിയ സംഗതിയല്ല. ഒന്നാമത്തെ മാപ്പാപ്പാക്കു സ്വന്തസമ്പാദ്യങ്ങൾ ഒന്നുമില്ലായിരുന്നു എങ്കിലും ദരിദ്രർക്കും സഹായം ആവശ്യപ്പെട്ടുന്ന മറ്റുള്ളവർക്കും വീതിച്ചുകൊടുക്കുന്നതിലേക്കായി പലരിൽനിന്നും വലിയ വലിയ സംഖ്യകൾ അദ്ദേഹത്തിനു ലഭിച്ചിരുന്നു. വസ്തുവകകൾ ഉണ്ടായിരുന്ന പലയാളുകളും അവയെ വിലുകയും അതിനെ കിട്ടിയ മുതലുകളെ അപ്പസ്തോലന്മാരുടെ പാദങ്ങളിൽ കാഴ്ചവെക്കുകയും അവർ അവയെ ആവശ്യക്കാരുടെ സ്ഥിതിയനുസരിച്ചു വീതിച്ചുകൊടുക്കയും ചെയ്തതായി അപ്പസ്തോല നടപടികളിൽനിന്നു നാം കാണുന്നു. (നടപടികൾ IV). സഭയിലെ മെത്രാ

ന്മാരോടു ആദ്യകൃസ്ത്യാനികൾക്കുണ്ടായിരുന്ന പിതൃഭക്തിയും വിശ്വാസവും അങ്ങിനെയായിരുന്നു. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽ ഒന്നും രണ്ടും മൂന്നും ശതാബ്ദങ്ങളിൽ മാപ്പ്വാപ്പാമാക്കു റോമയിൽ വസ്തുവകകൾ ഉണ്ടാകാൻ നിവൃത്തിയില്ലായിരുന്നു. എന്തെന്നാൽ അവരുടെമതം അന്നത്തെ ഗവർമേണ്ടിനും ജനങ്ങൾക്കും സമ്മതമല്ലാത്ത ഒന്നായിരുന്നു. ആ മതം അനുസരിച്ചവർ പലപ്പോഴും ദ്രോഹങ്ങൾക്കു പാത്രങ്ങളുമായിരുന്നു. നാലാംശതാബ്ദത്തിൽ കോൺസ്റ്റന്തീൻ ചക്രവർത്തിയുടെ കാലത്തോടുകൂടി സഭയ്ക്ക് സമാധാനവും സ്വാതന്ത്ര്യവും ഉണ്ടായി. അതുതന്നെയല്ല ആ ചക്രവർത്തി സഭയ്ക്ക് ധനവും വസ്തുവകകളും ദാനംചെയ്കയും ചെയ്തു. പിന്നീടുണ്ടായ ഒരോ ചക്രവർത്തിമാരും അദ്ദേഹത്തിന്റെ ആ പ്രവൃത്തിയെ അനുകരിച്ചു. മാപ്പ്വാപ്പാമാക്കു ഇങ്ങിനെയുണ്ടായ ധനങ്ങളും സ്വത്തുക്കളും ധർമ്മവിഷയങ്ങൾക്കായും മതകാര്യങ്ങൾക്കായും അവർ ചെലവുചെയ്തു. അവർ ഈ വക പണങ്ങൾകൊണ്ടു യൂറോപ്പിലേക്കു മിഷനരിമാരെ അയക്കയും റോമയിലെ നാടുകടത്തപ്പെട്ട മെത്രാന്മാരെ സംരക്ഷിക്കയും സാധുക്കളുടെ ദാരിദ്ര്യത്തിനും കഷ്ടതകൾക്കും പരിഹാരംചെയ്കയുംചെയ്തുവന്നു. കോൺസ്റ്റന്തീൻ ചക്രവർത്തി തലസ്ഥാനം കോൺസ്റ്റന്റിനോപ്പിളിലേക്കുമാറ്റി. അപ്പോൾ ഗോത്തു, വന്ദൽ എന്നീ വർഗ്ഗക്കാർ ഇറാലിയെ കൊള്ളയിടുന്ന ഏർപ്പാടാക്കയും ആ അപരിഷ്കൃതർ ചക്രവർത്തി വിട്ടൊഴിഞ്ഞ റോമാനഗരത്തെ ആക്രമിക്കുകയും ചെയ്തു. ചക്രവർത്തിയുടെയാ. രവേന്നയിൽ ഇരുന്ന അദ്ദേഹത്തിന്റെ പ്രതിപുരുഷന്റെയോ സഹായം ലഭിക്കുഞ്ഞതിനാൽ റോമൻ പൗരന്മാർ മാപ്പ്വാപ്പായോടു സഹായത്തിന്നപേക്ഷിച്ചു. അതു വെറുതെ ആയതുമില്ല. മഹാനായ ലേയോ മാപ്പ്വാപ്പാ റോമൻ നഗരത്തേയും ജനങ്ങളേയും ആ അനാകരികന്മാരുടെ ആക്രമണത്തിൽനിന്നു തടഞ്ഞു രക്ഷിച്ചു. അവിടന്നു യാതൊരു സൈന്യങ്ങളുടേയും അകമ്പടികൂടാതെ ശത്രുവിനെ എതിർക്കുകയും റോമയെ ആക്രമിക്കുന്നതിനു സമ്മതിക്കാതെ അയാളെ മടക്കിഅയക്കയുംചെയ്തു. ഈ ചരിത്രത്തിലെ അത്യത്ഭുതകരങ്ങളായ സംഭവങ്ങളിൽ ഒന്നാണ്. രണ്ടാമത്തെ ജെനെസരിക്ക് എന്ന കാട്ടാളരാജാവു റോമയെ അതിക്രമിക്കുന്നതിനു വന്നയവസരത്തിലും ഈ മാപ്പ്വാപ്പാ റോമയെ രക്ഷിക്കയുണ്ടായി. മാപ്പ്വാപ്പാമാർ നല്ല ബുദ്ധിയും സാമർത്ഥ്യവുമുള്ള ഭരണാധികാരികൾ കൂടെ ആയിരുന്നു. അവരുടെ മേൽ പറഞ്ഞതരം പ്രവൃത്തികളാൽ ജനങ്ങൾക്കു അവരോടുള്ള ഭക്തിയും സ്നേഹവും വർദ്ധിച്ചു. എട്ടാം ശതാബ്ദത്തിൽ ലൊമ്പാർഡിയിലെ രാജാവു

ഇറാലിയെ ആക്രമിച്ചു. പലനഗരങ്ങളും പിടിച്ചടക്കി. അന്നും ചക്രവത്തിയുടെ സഹായം ജനങ്ങൾക്കുണ്ടായില്ല. സ്റ്റീഫൻമാപ്പാപ്പാ നേരിട്ടുചെന്നു പ്രാൻസിലെ രാജാവിന്റെ സഹായം അപേക്ഷിക്കയും അദ്ദേഹം ശത്രുസൈന്യങ്ങളെ തോൽപിച്ചയക്കയുംചെയ്തു. ഇറാലിയൻ സംസ്ഥാനങ്ങളുടെ അധിപതിയായി ആ രാജാവു മാപ്പാപ്പായെ വാഴിക്കയും ചെയ്തു. പിന്നീട് ഇതിനെ കാൾമാൻ ചക്രവത്തിയും ആദരിച്ച് അംഗീകരിച്ചു. കുറെക്കൂടി വസ്തുവകകൾ അദ്ദേഹം പരിശുദ്ധസിംഹാസനത്തിലേക്ക് എഴുതിച്ചുകൊടുക്കയും മാപ്പാപ്പാമാർ അവയെ ഏറ്റവും വരെ ഭരിച്ചുവരികയുംചെയ്തു.

അങ്ങിനെ, കർദ്ദിനാൾ ഗിബ്ബൺസു പറയുംപോലെ, മാപ്പാപ്പാമാക്കു ലൌകികാധികാരമുണ്ടായതു മൂന്നവകാശങ്ങളാലാണ്. ഏതു രാജാക്കന്മാരുടേയും പദവി സ്ഥിരവും ദൃഢവുമായിത്തീരുന്നതു ഈ അവകാശങ്ങളാൽതന്നെയാണ്. വളരെനാളായുള്ള കൈവശാവകാശം, ന്യായമായനേട്ടം, ആദ്യദാനത്തെ ന്യായമാംവിധത്തിൽ ഉപയോഗിക്കുക എന്നീ മൂന്നവസ്ഥകളും തികവായുണ്ടെങ്കിൽ പിന്നെ അവകാശസ്ഥാപനത്തിനു വേറെ ഒന്നും വേണ്ടതില്ല. എട്ടാം ശതാബ്ദത്തിലാണ് മാപ്പാപ്പാമാരുടെ ലൌകികഭരണം തുടങ്ങിയതു്. ആ പിതാക്കന്മാക്കു ലൌകികാധികാരം കൊടുത്തതു യുദ്ധംമൂലമോ പിടിച്ചുപറിമൂലമോ അല്ല. കൃതജ്ഞരായ ജനങ്ങളുടെ അപേക്ഷയാലാണു അവർക്കു ഭരണാധികാരം ലഭിച്ചതു്. ആ ഭരണാധികാരത്തെ ഫ്രാൻസിലെ ചക്രവത്തി സ്ഥിരീകരിക്കയും ചെയ്തു. "അടിമത്വത്തിൽനിന്നു അവർ സമുദ്ധരിച്ച ഒരു ജനതയുടെ ഐകകണ്ഠ്യമായ സമ്മതം ഒന്നുമാത്രമാണു മാപ്പാപ്പാമാരിൽ രാജ്യഭരണാധികാരം നിക്ഷേപിച്ചതു്" എന്നു അവിശ്വാസിയായ ഗിബൺ എന്ന ചരിത്രകാരൻപോലും സമ്മതിക്കുന്നു.

എന്നാൽ രാജ്യഭരണാധികാരം മാപ്പാപ്പാമാക്കു എന്തിനുണ്ടാകണം? സഭയുടെ ഭരണം സ്വതന്ത്രമായ രീതിയിൽ നടത്തിപ്പാരണമെങ്കിൽ അതു കൂടിയതീരൂ. മാപ്പാപ്പാ സർവ്വജനീയമായ കത്തോലിക്കസഭയുടെ ഏകതലവനാകയാൽ അദ്ദേഹം വെളിയിലുള്ള മറെറാരു ശക്തിക്കും കീഴ്പ്പെട്ടിരിക്കരുതു്. ക്രിസ്തുസഭയുടെ ഭരണാധികാരി എന്ന നിലയിൽ അവിടത്തേയ്ക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. ഇങ്ങിനെ സ്വതന്ത്രനായിരിക്കണമെങ്കിൽ സ്വന്തമായ ഒരു രാജ്യം മാപ്പാപ്പായ്ക്കുണ്ടാകാതെ കഴികയില്ല. അതിനാൽ രാജാധികാരത്തിനുള്ള അവകാശം മാപ്പാപ്പാമാക്കു വെടിഞ്ഞുകളവാൻ നിവൃത്തിയില്ല. ലൌകികാധികാരം

തങ്ങളുടെ സ്വത്തമല്ലെന്നും, അതു വിശുദ്ധ പത്രോസു നൽകിയ പിതൃധനമാകയാലും തങ്ങൾ അതിന്റെ ഭരണാധികാരികൾ മാത്രമാകയാലും ആ അവകാശങ്ങളെയൊന്നും വേണ്ടെന്നു വയ്ക്കാനോ കൊടുത്തുകളവാനോ തങ്ങൾക്കു നിവൃത്തിയില്ലെന്നും പരിശുദ്ധ പിതാക്കന്മാർ പലരും പ്രസ്താവിച്ചിട്ടുണ്ട്.

ഫ്രഞ്ചുകാർ ഹ്ഗ്വീനോസന്മാരും ക്രിസ്തീയ വിദ്വേഷികളും മാപ്പാപ്പായുടെ ലൗകികാധികാരത്തെ കവർന്നെടുത്തു എങ്കിലും, മതത്തേയും ക്രിസ്തുവിന്റെ വികാരിയേയും ഭൂമുഖത്തുനിന്നു ധ്വംസനം ചെയ്യാനായുള്ള അവരുടെ ആ നീചശ്രമങ്ങളോടും അതിക്രമങ്ങളോടുമുള്ള വെറുപ്പിനെ പ്രത്യക്ഷമായി സൂചിപ്പിച്ചുകൊണ്ടുള്ള നിലയാൽ മാപ്പാപ്പാമാർ ഇന്നും സ്വതന്ത്രന്മാരായിത്തന്നെയിരിക്കുന്നു. റോമയിലെ ജനങ്ങൾ തങ്ങളെ പീഡ്മൊണ്ടിലെ ഗവർമേണ്ടു ഭരിച്ചുകൊള്ളുവാൻ സമ്മതിച്ചു വോട്ടുചെയ്തുവെന്നു കത്തോലിക്കമതവിരോധികൾ ഒരു ന്യായം പറഞ്ഞുവരുന്നുണ്ട്. എന്നാൽ വിശുദ്ധ പത്രോസിന്റെ പിതൃവകാശം ബോധിച്ചതുപോലെ കൊടുത്തുകളവാനുള്ള അധികാരം അനന്തരഗാമികൾക്കു ആക്കമില്ലെന്നുള്ളതിന്റെ സാധുതയ്ക്കു് അതുകൊണ്ടു യാതൊരു കുറവും സംഭവിക്കുന്നില്ല. മാപ്പാപ്പാമാരുടെ ഉപയോഗത്തിനും കത്തോലിക്കസഭയുടെ നന്മയ്ക്കും ആയി സംഭാവന ചെയ്യപ്പെട്ടിരുന്ന ആ മുതലുകളുടെ ഉടമസ്ഥത റോമാ പൌരന്മാക്കായിരുന്നില്ല.

റോമാപട്ടണത്തെ ഒരു ലക്ഷം സൈന്യങ്ങൾവന്നു വളഞ്ഞിരിക്കുമ്പോൾ, നിബന്ധിതരായി റോമാപൌരന്മാർ വോട്ടുകൊടുത്തതാണെന്നും പീസ്മണ്ട് ഗവർമെൻറ് റോമായെ കൈവശമാക്കിയതു നീതിയായ പ്രവൃത്തിയല്ലെന്നും, അതിന്നു ജനങ്ങളുടെ വോട്ടുകൊണ്ടൊന്നും സാധുത സംഭവിക്കുന്നില്ലെന്നും മറ്റുമൊക്കെയാണു ഇതിനുള്ള ശരിയായ സമാധാനം. മാപ്പാപ്പായുടെ കക്ഷികൾ വോട്ടിൽ ചേർന്നതേ ഇല്ല. മറു കക്ഷികൾ വോട്ടെടുത്തതു ശരിയായ രീതിയിലും അല്ല. സൈന്യങ്ങളുടെ കൂട്ടത്തിൽ റോമയിൽ എത്തിയ ഇറാലിക്കാരെല്ലാം വോട്ടുചെയ്തു. വിദേശികളേയും വോട്ടിനനുവദിച്ചിരുന്നു. പല വോട്ടർമാരും കൂട്ടംകൂട്ടമായി ഒന്നിലധികം സ്ഥലങ്ങളിൽ വോട്ടുചെയ്തുയും ചെയ്തു. വോട്ടുകായ്ത്തിൽ മനഃപൂർവ്വം അനീതിയായും കപടമായും സൂത്രപ്പണികളെടുത്താൽ സംഖ്യ വർദ്ധിപ്പിക്കാൻ വിഷമമുണ്ടാകയില്ലല്ലോ. മാപ്പാപ്പാമാർക്കു മനുഷ്യരിൽ നിന്നു സ്വത്തുകിട്ടിയെങ്കിലും അതിന്മേലുള്ള അധികാരം ദൈവദത്തമാണ്. ആ സ്വത്തു മനുഷ്യർക്കു എടുക്കാൻ സാധിക്കും. എന്നാൽ അതി

മേലുള്ള അധികാരത്തെ കവരാൻ മനുഷ്യരാൽ ശക്യമല്ല. ദൈവം ഭൂമി മേലുള്ള തന്റെ വികാരിക്കു കൊടുത്തതു ആക്കം എടുപ്പാൻ സാധിക്കയില്ല. "നരകവാതിലുകൾ പ്രബലപ്പെടുകയില്ല," എന്നാണല്ലൊ വാഗ്ദത്തം.

പ്രസാധകക്കുറിപ്പുകൾ.

ഒരു മണിക്കൂർ ആരാധന.

വികാരിഅച്ചൻ സ്കൂളിൽ 'വേദോപദേശം' പഠിപ്പിച്ചുകൊണ്ടിരിക്കയാണ്. അന്നു ആദ്യവെള്ളിയാഴ്ചയായിരുന്നു. കാലത്തു കുർബ്ബാന കഴിഞ്ഞു പതിവുപോലെ ഒരു മണിക്കൂർ ആരാധനയും ഉണ്ടായിരുന്നു ആ വിഷയത്തെക്കുറിച്ചു മാത്തച്ചൻ വികാരിഅച്ചനോടു ഇങ്ങിനെ ചോദിച്ചു. "അച്ചാ, ഒരു മണിക്കൂർ ആരാധന വളരെ അധികമാണെന്നു ചിലർ ആവലാധി പറയുന്നതുകേട്ടു. കാൽമണിക്കൂർ, അല്ലെങ്കിൽ അരയാകട്ടെ; അതിലധികം ആയാൽ മനുഷ്യർ മുഷിഞ്ഞുപോകുമെന്നാണ് അവർ പറയുന്നതു്." വികാരിഅച്ചൻ. "സുവിശേഷത്തിൽ കൊടുത്തിട്ടുള്ള ഒരു ചെറിയ സംഭവം ഞാൻ പറയാം കേട്ടോളൂ. നമ്മുടെ കർത്താവു ഒടുവിലത്തെ അത്താഴം കഴിഞ്ഞു ശ്ലീഹന്മാരെയും കൂട്ടിക്കൊണ്ടു ഗത്ത്സെമന്നി തോട്ടത്തിലേക്കുപോയി. അവിടെ ചെന്നശേഷം പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നീ ശ്ലീഹന്മാരോടുകൂടി തോട്ടത്തിന്റെ ഉള്ളിലേക്കു കടന്നു. അവരെ ഒരിടത്തു ഇരുത്തി. അവരോടു ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ പറഞ്ഞുകൊണ്ടു കർത്താവു അല്പം അകലെ മാറി തന്റെ പിതാവിനോടു പ്രാർത്ഥിച്ചു. കുറെ കഴിഞ്ഞു അവിടുന്നു ശ്ലീഹന്മാരുടെ അടുക്കലേക്കു മടങ്ങിച്ചെന്നു. അപ്പോൾ അവർ ഉറങ്ങുന്നതായി കണ്ടു. "ശിമോനെ, ഒരു മണിക്കൂർ എന്നോടൊന്നിച്ചു ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴികയില്ലയൊ" എന്നു ചോദിച്ചു. ഇതു എത്ര ഹൃദയസ്പർശകമായ ഒരു ചോദ്യമായിരുന്നു! ഇതുപോലെ ഒരു ചോദ്യം നമ്മുടെ കർത്താവു നമ്മോടും ചോദിക്കുന്നു. അവിടുന്നു നമ്മെ പ്രതി രാപ്പകൽ സക്രാരിയിൽ എഴുന്നെള്ളിയിരിക്കുന്നുണ്ടു്. നമ്മൾ ഓരോരോ ജോലിക്കായി അങ്ങുമിങ്ങും പൊയ്ക്കൊണ്ടിരിക്കുന്നു. അതിനു വേണ്ടി എത്ര മണിക്കൂറെങ്കിലും ചിലവഴിക്കാൻ നമുക്കു പ്രയാസമില്ല.

നമുക്ക അതിൽ ഒരു മുഷിച്ചിൽ തോന്നുന്നുമില്ല കത്താവിനോടുകൂടെ ഒരു മണിക്കൂർ ഉണർന്നിരിക്കാനാണ നമുക്ക ബുദ്ധിമുട്ട്. നമുക്ക കത്താവിനെക്കുറിച്ചു ചിന്തയും സ്നേഹവുമില്ലാഞ്ഞിട്ടാണ് ഇങ്ങനെ തോന്നുന്നത്. പുണ്യവാന്മാക്ക കത്താവിന്റെ സന്നിധിയിൽ നില്ക്കുന്നതു ആനന്ദമാണ. അവിടം വിട്ടുപോകുന്നതാണ അവക്ക ബുദ്ധിമുട്ട്. കാരണം, അവക്ക കത്താവിനെക്കുറിച്ചു ചിന്തയും സ്നേഹവുമുണ്ട്. നമുക്ക കത്താവിനെക്കുറിച്ചു സ്നേഹമുണ്ടാകട്ടെ, അപ്പോൾ എതു മണിക്കൂറെങ്കിലും അവിടുത്തെ സന്നിധിയിൽനിന്ന ആരാധന നടത്താൻ നമുക്ക ഒരു വിഷമവും തോന്നുകയില്ല.

എളുപ്പമാർഗ്ഗം.

മാത്തച്ചൻ "അച്ചൻ പറഞ്ഞതു ശരിയാണ്. സ്നേഹമുണ്ടെങ്കിൽ മുഷിച്ചിൽ തോന്നുകയില്ല. എനിക്ക എന്റെ അപ്പനമ്മമാരുടെയും സ്നേഹിതന്മാരുടെയും കൂടെ എതു നേരമെങ്കിലും ചിലവഴിക്കാൻ ഒരു ബുദ്ധിമുട്ടുമില്ലല്ലൊ."

വികാരിഅച്ചൻ: "എന്നാൽ, ഒരു മണിക്കൂർ ആരാധന മുഷിച്ചിൽകൂടാതെ നടത്താൻ ചില മാർഗ്ഗങ്ങളുണ്ട്. അതെന്തൊണെന്നു പറയാം. ആദ്യമായി എല്ലാവരും കൂടി ഒരു അൻപത്തുമൂന്നുമണിജപം ചൊല്ലുക അതിൽ എല്ലാവരും സംബന്ധിക്കുന്നതുകൊണ്ടും എല്ലാവക്കും കൂടെച്ചൊല്ലാനുള്ളതുകൊണ്ടും ആക്ക മുഷിച്ചിൽ തോന്നുകയില്ല. അതുകഴിഞ്ഞു ചൊല്ലുന്ന ജപങ്ങളും അപ്രകാരംതന്നെ എല്ലാവക്കും കൂടെച്ചൊല്ലാനുള്ളതായിരിക്കണം. കത്താവിന്റെ തിരുഹൃദയ ലുത്തിനിയാ, തിരുഹൃദയ ജപമാല, തിരുനാമത്തിന്റെ ലുത്തിനിയ, അനുഗ്രഹക്കൊന്ത എന്നിങ്ങിനെ കൂട്ടമായി ചൊല്ലാവുന്ന ജപങ്ങൾ തിരിഞ്ഞെടുത്തു ചൊല്ലണം. ഒരാൾതന്നെ ഭീഷ്മമായി ചൊല്ലുകയും ബാക്കിയുള്ളവരെല്ലാം അതു കേൾക്കുകയും ചെയ്യാൽ മുഷിച്ചിൽ തോന്നുകയും പലവിചാരം വരുകയും ചെയ്യും. അതിനും പുറമെ ഓരോ ജപത്തിന്റെയും ഇടയ്ക്കു നല്ല നല്ല ഓരോ സ്തോത്ര ഗീതവും പാടണം. ആ ഗീതങ്ങൾ ഭക്തിരസം സ്പുരിപ്പിക്കുന്ന രാഗമുള്ളതായിരിക്കണം. അതിലെ വാക്കുകൾ ആക്ക മനസ്സിലാകത്തക്കവണ്ണം പച്ചമലയാളമായിരിക്കണം. അതുകളിൽ നല്ല നല്ല ആശയങ്ങൾ അടങ്ങിയിരിക്കണം. കുട്ടികൾവേണം അതു പാടാൻ. അങ്ങിനെയൊക്കെയായാൽ ആ ഗീതങ്ങൾ ഒന്നാംതരം ജപങ്ങളുടെ ഫലത്തെ ചെയ്യും. പാട്ടിൽ മനുഷ്യക്ക സ്വതേയുള്ള വാസ

നയും രസവുംകൊണ്ട് സമയം ദീഘിക്കുന്നതു അറിയുകയില്ല. അതി നിടയിൽ അവരുടെ ഹൃദയം ഇളകി, അതിൽനിന്നു സ്നേഹം, അനുതാ പം മുതലായ വിവിധ വികാരങ്ങൾ ജനിക്കും. അങ്ങിനെ തങ്ങൾ അ റിയാതെതന്നെ അവർ നല്ലവണ്ണം പ്രാർത്ഥിക്കും."

മാത്തച്ചൻ: "അച്ചൻ പറഞ്ഞതു എതുയും വാസ്തവമാണ്. ഞാൻ ഇ ന്നാൾ (ഇന്ന) എടവകയിൽ പോയിരുന്നു. ആ മാസം ആദ്യവെള്ളി യാഴ്ച ആ പള്ളിയിലാണ് ഞാൻ ആരാധനയിൽ കൂടിയതു്. അവിടെ ഇതുപോലെ എല്ലാവരും കൂടി ജപങ്ങൾ ചൊല്ലുകയും, കുട്ടികൾ ഇടയ്ക്കിട യ്ക്കു നല്ല ഗീതങ്ങൾ പാടുകയും ചെയ്തു. കൃത്യം ഒരു മണിക്കൂർ നേരം അവിടെ ആരാധന നടത്തി. എങ്കിലും എനിക്കു അതു ദീഘമായി തോന്നിയില്ല. അച്ചാ, നമുക്കും അങ്ങിനെ ചെയ്യണം. ഗീതങ്ങൾ, ഞങ്ങൾ കുറെ കുട്ടികൾ കൂടി പരിചയിക്കാം". വികാരിഅച്ചനു വള രെ സന്തോഷമായി. ഗീതങ്ങൾ തിരിഞ്ഞെടുത്തു പഠിക്കാൻ കുട്ടികളെ ഏല്പിക്കയും ചെയ്തു.

മുഷിച്ചിലുണ്ടായില്ല.

അടുത്തമാസം ആദ്യവെള്ളിയാഴ്ച പതിവുപോലെ കുബ്ബാന കഴി ഞ്ഞപ്പോൾ വി. കുബ്ബാന എഴുന്നെള്ളിച്ചുവച്ച 'ശബ്പാലെഗ്ൻ' (പാ ഞ്ചെലിങ്കപാ) എന്ന ഗീതത്തിന്റെ ഏതാനും അടികൾ ഗായകസംഘം പാടി. അപ്പോഴേക്കും പട്ടക്കാരൻ വിശുദ്ധ കുബ്ബാനക്കു ധൂപം അർപ്പി ച്ചു. ഉടനെ അൻപത്തുമൂന്നുമണിജപം എല്ലാവരുംകൂടി ചൊല്ലി. അ തുകഴിഞ്ഞു കുട്ടികൾ "ഠരംശോയെ അങ്ങെ ആരാധിക്കുന്നോൻ" എന്നു തുടങ്ങുന്ന ഗീതം ഭംഗിയായും ഭക്തിപൂർവ്വവും പാടി. മൊഴികൾ കേൾ ക്കുന്നതിനു തടസ്സംവരാത്ത വിധത്തിൽ വേഗക്കുയുടെ സ്വരവും കുട്ടിക ളുടെ സ്വരത്തോടുചേർന്നപ്പോൾ കേൾവിക്കു വളരെ സുഖമുണ്ടായി. അ പാട്ടു കഴിഞ്ഞു തിരുഹൃദയത്തിന്റെ ലുത്തിനിയാ എല്ലാവരുംകൂടി ചൊ ല്ലി. അതിനെതുടർന്നു, അതേ ലുത്തിനിയതന്നെ പാട്ടായി രചിച്ചിട്ടുള്ള തിൽ ഏതാനും അടികൾ കുട്ടികൾ പാടി. (ഇതു കഥാചന്ദ്രിക മാസി ക ഒന്നാം പുസ്തകം പത്താം ലക്കത്തിൽ കൊടുത്തിട്ടുണ്ട്.) അനന്തരം തിരുഹൃദയജപമാല എല്ലാവരുംകൂടി ചൊല്ലി. അതു കഴിഞ്ഞപ്പോൾ കുട്ടികൾ വേറൊരു ഗീതം പാടി. അതു "എന്നിലേറ്റം സ്നേഹംചിന്തും" എന്നു തുടങ്ങുന്നതായിരുന്നു. (അതും കഥാചന്ദ്രിക ഒന്നാം പുസ്തകം പത്താം ലക്കത്തിൽ ഉണ്ട്.) പിന്നീടു ചൊല്ലിയ ജപം തിരുനാമത്തു

ന്റെ മുത്തിനിയായാണ്. എല്ലാവരുംകൂടി ഇതു ചൊല്ലിക്കഴിഞ്ഞപ്പോൾ കുട്ടികൾ "ംരംശോടെ ദിവ്യ തിരുഹൃദയമെ" എന്നു തുടങ്ങുന്ന വേറൊരു ഗീതം പാടി. (ഇതു കഥാചന്ദ്രിക രണ്ടാം പുസ്തകം പത്താം ലക്കത്തിൽ കാണാം.) അതിനുശേഷം 'അനുഗ്രഹക്കൊന്ത' എല്ലാവരുംകൂടി ചൊല്ലി. അതിനെ തുടർന്നു കുട്ടികൾ പാടിയ ഗീതം "പരിശുദ്ധ കുദാശയിൽ വാണരുളുമീശോ" എന്നു തുടങ്ങുന്ന ഗീതമായിരുന്നു. (ഇതു കഥാചന്ദ്രിക രണ്ടാം പുസ്തകം പന്ത്രണ്ടാം ലക്കത്തിൽ ഉള്ളതാണ്.) ഒടുവിൽ പരിഹരജപം ചൊല്ലുകയും അതിന്റെ അവസാനത്തിൽ 'കൊല്ലുംദൈവനെ' (താന്തുമേർഗൊ) എന്ന ഗീതം ഗായകസംഘം പാടുകയും ചെയ്തു. ഇങ്ങനെ അന്നു ഒരു മണിക്കൂർ ആരാധന നടത്തി. ഉച്ചതിരിഞ്ഞു വേദോപദേശക്ലാസിൽ കുട്ടികൾ വളരെ സന്തോഷമുള്ളവരായി കണ്ടു. മാത്തച്ചൻ വികാരി അച്ചനോടു പറഞ്ഞു. "അച്ചാ, ആരാധന ദീപ്തമായിപ്പോകുന്നെന്നു ആവലാധി പറയാറുള്ളവരോട്, ഇന്നു അവർക്കു മുഷിച്ചിൽതോന്നിയൊ എന്നു ഞാൻ ചോദിച്ചു. ഇന്നു നേരംപോയതു അറിഞ്ഞില്ലെന്നും, ആരാധന സമയത്തു വളരെ ഭക്തിയും ആനന്ദവും തോന്നിയെന്നും അവർ മറുപടി പറഞ്ഞു." വികാരിഅച്ചൻ: "വളരെ സന്തോഷം; ഇനി വേറേയും ചില നല്ല ഗീതങ്ങൾ പഠിക്കാൻ ശ്രമിക്കണം. എന്നാൽ അവയെ മാറി മാറി പാടാൻ സാധിക്കും." അപ്രകാരം ചെയ്യാമെന്നു എല്ലാവരും സമ്മതിച്ചു. അന്നുമുതൽ എല്ലാ ആദ്യവെള്ളിയാഴ്ചയും ആരാധനയ്ക്കു ആളുകൾ അധികമായിക്കൂടി കൂടുകയും, ആ കമ്മം അവർക്കു എന്തെന്നും ഭക്തിജനകവുമായിത്തീരുകയും ചെയ്തു.

ഒരു ആപൽമോചനം.

(ശ്രീമാൻ കെ. എം. ജോസഫ്, തൊടുപുഴ.)

(൨൨൫-ാം പേജിൽനിന്നു തുടർച്ച)

IV

സിങ്കപ്പൂരിലെ വാസം തനിക്കു തീരെ സുഖം ഇല്ലെന്നു തോന്നിയിരുന്നതിനാൽ ലോനച്ചൻ ചില സ്നേഹിതന്മാരുടെ ഉപദേശമനുസരിച്ചു് ചൈനയിലേക്കു കപ്പൽ കയറി. ഇംഗ്ലീഷുകാരുടെ വകയായ ഹോങ്കോങ്ങിൽ എത്തി അധിക താമസം കൂടാതെ യോഗ്യതാനുസരണ

മായ ഒരു ജോലിയിൽ പ്രവേശിച്ചു. ഇതിനിടെ താൻ സഞ്ചരിച്ചു് ആസ്ഥാനമുറപ്പിച്ചിരുന്ന സ്ഥലങ്ങളിലുള്ള കൂസ്യോത്തരന്മാരുടെ ഇടയിൽ സത്യവേദത്തെക്കുറിച്ചും ക്രീസ്തുവിനെക്കുറിച്ചും ഉപദേശിച്ചു് ചുരുക്കം ചിലരെ എല്ലാം ക്രീസ്തുമതത്തിൽ ചേർത്തു് നാമമാത്രമായിട്ടെങ്കിലും ക്രീസ്തുവിന്റെ "പ്രേഷകൻ" എന്ന നിലയേയും ലോനച്ചൻ അർഹിച്ചിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. ഭക്തിയിലും ഒട്ടും പിന്നോക്കമല്ല. വീട്ടിലേക്കു അയക്കുന്ന എഴുത്തിൽ, ചില പുണ്യവാന്മാരുടെ ജീവചരിത്രം വായിക്കുമ്പോൾ ഇപ്പോൾതന്നെ ലോകമുപേക്ഷിച്ചു വല്ല ഈശോസഭയിലും ചേരണമെന്നുള്ള തന്റെ ആഗ്രഹത്തെക്കുറിച്ചു പറഞ്ഞിരുന്നു.

ഇനി നമുക്കു മാവേലിൽ കുടുംബത്തിലേക്കു കടക്കാം. മാത്തച്ചൻ ജ്വരബാധിതനായി കിടപ്പിലായിട്ടു് ദിവസങ്ങൾ കുറെ കഴിഞ്ഞിരിക്കുന്നു. വലിയ കുറവൊന്നും കാണുന്നില്ല. ഇടക്കിടക്കു് ബോധമില്ലാതെ ലോനച്ചനേയും വിളിക്കുന്നു. ലോനച്ചന്റെ സാന്നിദ്ധ്യമില്ലായ്മ ഈ ഘട്ടത്തിൽ ഭീമമായ ഒരു നഷ്ടമാണല്ലൊ. എങ്കിലും ബന്ധുക്കളുടേയും സ്നേഹിതന്മാരുടേയും സഹായ സഹകരണങ്ങൾ വേണ്ടപോലെ ലഭിക്കുന്നുണ്ടെന്നുള്ളതും വിസ്മരിക്കാവതല്ല. ഏലിയാമ്മ മുതൽപേരുടെ സ്ഥിതി പറയണമെന്നില്ലല്ലോ. തങ്ങളുടെ നിത്യ ഉപകാരിയായി പ്രശോഭിച്ചിരുന്ന ഈ വന്ദ്യദേഹം, അതെ, മാത്തച്ചൻ പരലോകം പ്രാപിച്ചേക്കുമോ എന്നുകൂടിയും ചിലർ സംശയിക്കുന്നു. മക്കൾക്കും ഭാര്യക്കും വേണ്ടത്ര ധൈര്യം മറ്റുള്ളവരിൽനിന്നു ലഭിക്കുന്നുണ്ടു് എങ്കിലും നല്ല ധൈര്യമില്ല. ലോനച്ചനെ, ദീനവിവരത്തിനു കമ്പിയടിച്ചു് ഉടൻ വരുത്തണമെന്ന ആവശ്യപ്പെട്ടിരിക്കുന്നു ഇങ്ങനെ ഇരിക്കെ ഒരു ദിവസം രാത്രിയിൽ മാത്തച്ചൻ അല്പം ഒന്നു് സുഖത്തോടുകൂടി ഉറങ്ങുന്നതു കണ്ടുംവച്ചു മേനിക്കുട്ടിയും തങ്കമ്മയുംകൂടി പത്രപാരായണത്തിനായി വരാന്തയിൽ കിടന്നിരുന്ന ചാരുകസേലമേൽ ഇരുന്നു. "അപ്പച്ചനു കുറെ സുഖം തോന്നുന്നുണ്ടു്; അതാണു ഉറങ്ങുന്നതു്. ഇനി നമുക്കു നിരാശപ്പെടേണ്ട. ദൈവം നമ്മുടെ പ്രാർത്ഥന കൈവിടുകയില്ല," എന്നിങ്ങനെ മേരിക്കുട്ടി തങ്കത്തിനോടു പറഞ്ഞുകൊണ്ടു അന്നുവന്ന ഇംഗ്ലീഷ് പത്രമെടുത്തു അതിൽ ഒരു ഭാഗം വായിച്ചു. ഉടൻ അവളിൽ ചില വികാരഭേദങ്ങളുണ്ടായി. വീണ്ടും അവർ ശ്രദ്ധയോടുകൂടി തങ്കത്തിനെ വായിച്ചു കേൾപ്പിച്ചു. അവർ ഇരുവരും

വി. ത്രീത്വത്തിന്റെ ൨-ാം ആൾ മനുഷ്യനായി; ആ ആളാണ് ൦രംശോ.

ഇതാ മിണ്ടാൻപോലും ശക്തിയില്ലാതെ സ്തബ്ധരായി ഇരിക്കുന്നു. കുറച്ചു നേരം ഈ വിധം കഴിച്ചുകൂട്ടിയതിൻെറശേഷം "ഇതെന്തു്? മായയോ സ്വപ്നമോ? എന്നു മോനിക്കുട്ടി ഗൽഗദസ്വരത്തിൽ പറഞ്ഞു. ഈ വാക്കുകൾ, രോഗാതുരനിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഏലിയാമ്മയുടെ കണ്ണുപൊടങ്ങളിൽ മാറോലിക്കൊണ്ടു. നിങ്ങൾ, എന്തു്? ഭ്രാന്തുപറയുന്നോ? അതോ അപ്പച്ചനെ അനുകരിക്കയാണോ? അതോ ഉറക്കപ്പിച്ചോ? പോയിക്കിടന്നുറങ്ങുവിൻ, അപ്പച്ചനു കുറവുണ്ടു്, അടുക്കൽ ഞാൻ മതി," എന്നിങ്ങനെ സ്നേഹപൂരസ്സരമായ ശകാരവർഷത്തോടുകൂടി വരാന്തയിലേക്കു പുറപ്പെട്ടു. ഏലിയാമ്മയുടെ മുൻപിൽ കാണുന്നതു എന്തു്? തൻെറ ആ ഓമന പുത്രിമാർ രണ്ടുപേരും ശോകവദനരായി കണ്ണീരുമൊലിപ്പിച്ചുകൊണ്ടിരിക്കുന്നതല്ലേ കണ്ടതു്. ഉടൻതന്നെ മോനിക്കുട്ടി ധൈര്യം അവലംബിച്ചു പതുക്കെയിട്ടതു വായിച്ചു. തജ്ജിമ ഈ വിധം പറഞ്ഞുകൊടുത്തു. "ഹോങ്കോംഗ്:— ഇൻഡ്യാക്കാരനായ ഒരു ക്രിസ്ത്യൻ യുവാവു് (സി. എം. ലോനച്ചൻ) ഒരു അസിസ്റ്റൻറു് അക്കൗണ്ടാഫീസരായി ജോലി ചെയ്തുവരവേ, ഇതാ 2000 ഡോളർ നാണയം അയാളുടെ കണക്കിൽ നിന്നു കാണുന്നില്ല. തൻനിമിത്തം പ്രസ്തുത യുവാവിനെ ഉദ്യോഗത്തിൽ നിന്നും വിടുത്തി കേസ് മുറുക്കു വിസ്തരിക്കുന്നതായും തെളിവുകളെല്ലാം പ്രതിക്കു പ്രതികൂലമായി വരുന്നതായും അറിയുന്നു." ഇവ ഏലിയാമ്മയുടെ കണ്ണുകളിലും പതിച്ചതിനോടെ അവരുടെ സ്ഥിതി എന്തെന്നു എഴുതി അറിയിക്കാവതല്ല. സ്വഭർത്താവിൻറേയും സ്വപിതാവിൻറേയും ദീനത്താലും ലോനച്ചൻെറ സാന്നിദ്ധ്യമില്ലായ്മയാലും ഉരുകിയിരുന്ന ഈ വനിതാഹൃദയങ്ങൾക്കു, ഈ വാർത്ത എരിയുന്ന തീയിൽ എണ്ണ എന്നവണ്ണം എത്രമാത്രം മർമ്മഭേദകമായിരുന്നിരിക്കണം. എങ്കിലും ബുദ്ധിശാലിനികളായ അവർ വിവരം മാത്രച്ചനെ അറിയിച്ചില്ലെന്നുള്ളതും പ്രത്യേകം സൂചനീയമാണു്. ഇതിനിടെ ലോനച്ചൻെറ എഴുത്തുകൾ വന്നിട്ടു മാസങ്ങൾ കുറെ കഴിഞ്ഞിരുന്നതിനാലും അവൻ ഒരിക്കൽപോലും തിരിച്ചുവരാതിരുന്നതിനാലും നാട്ടിലെ ചില കുബുദ്ധികൾ, ചില ദുർന്യായങ്ങളെ അടിസ്ഥാനമാക്കി, ലോനച്ചൻെറ ഭക്തിയെല്ലാം പോയെന്നും അവൻ അവിടെ വല്ല മദാമ്മ വനിതയേയും വിവാഹംകഴിച്ചു് സന്താനസമേതം താമസിക്കയാണെന്നും തൻനിമിത്തം പോരാൻ ഗത്യന്തരമില്ലാഞ്ഞിട്ടു് അഭിമാനംനടിച്ചു പോരാതിരിക്കുന്നതാണെന്നും മറ്റും പറഞ്ഞു പരത്തിയിരുന്നു. സത്തുക്കളെക്കുറിച്ചു ദുഷ്പ്രചാരവുമല്ലോ.

അതിനാൽ ഓരംശോ ദൈവപുത്രനാണു്.

V

ചാവേലിൽ ലോനച്ചന്റെ ഭദ്രശ ഇതാ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. താൻ ഒരു അസിസ്റ്റന്റു അക്കൗണ്ടാഫീസരായിട്ടാണല്ലോ ജോലിചെയ്യുന്നതു്. തന്റെ കൂട്ടുദ്യോഗസ്ഥന്മാക്കും കമ്പിനിമാനേജർക്കും സൂപ്രണ്ടുദ്യോഗത്തിനും തന്നേപേരിൽ വലിയ മതിപ്പും ബഹുമാനവും ആയിരുന്നു. പിടിപ്പുള്ള ജോലിയുണ്ടായിരുന്നതിനാൽ വീട്ടിലേക്കു എഴുത്തുകൾ അയച്ചിട്ടു കുറേനാൾ ആയി എങ്കിലും പോരാൻസമയത്തുള്ള പിതാവിന്റെ ഉപദേശത്തെ അണുവെങ്കിലും തെറ്റിച്ചിട്ടില്ല. ഇങ്ങിനെ ആഫീസ്സിൽ തന്റെ ജോലിയിൽ ബദ്ധശ്രദ്ധനായിരിക്കുമ്പോളാണു്, പിതാവിനു സുഖമില്ലെന്നും ഉടൻ ചെല്ലണമെന്നുമുള്ള കമ്പി കിട്ടിയതു്. തൽസമയം കമ്പനി മാനേജർ സ്ഥലത്തില്ലായിരുന്നു. അദ്ദേഹം എന്തോ അടിയന്തിരമായ ഒരു കാര്യംപ്രമാണിച്ചു് കുറെ അകലെ ഒരിടത്തേക്കു് പോയിരിക്കയാണു്. മൂന്നുദിവസം കഴിഞ്ഞേ തിരിച്ചുവരികയൊള്ളൂ. അദ്ദേഹം വന്നപ്പോൾ ലോനച്ചൻ വിവരം അദ്ദേഹത്തോടു് പറഞ്ഞു. വീട്ടിലേക്കു് പോകണമെന്നു അറിയിച്ചു. മൂന്നുമാസത്തെ അവധിയും കണക്കുതീർത്തുള്ള ശമ്പളവും കിട്ടണമെന്നു പറഞ്ഞു. അദ്ദേഹം സമ്മതിച്ചു. കണക്കുകൾ എല്ലാം ആവശ്യപ്പെട്ടു. കണക്കിൻപ്രകാരം ൨൦൦൦ ഡോളർ കാണുന്നില്ല. കണക്കിൽ പിശകുവന്നതെന്തുകൊണ്ടു രണ്ടുപേരുംകൂടി വീണ്ടും വീണ്ടും കണക്കുകൾ പരിശോധിച്ചു. ൨൦൦൦ ഡോളർ കാണുന്നില്ലെന്നു പൂർണ്ണ ബോധ്യംവന്നു. എങ്കിലെന്തുപോയെന്നു് യാതൊരു തുമ്പും കിട്ടുന്നില്ല. ലോനച്ചന്റെ ഉള്ളിൽ ഭീതി വർദ്ധിച്ചു. തല മുഴുവൻ കായുന്നതുപോലെ തോന്നി. എന്താചെയ്യേണ്ടതെന്നറിയാതെ സർവ്വശരീരോമഞ്ചിതനായി ഒരാശ്വാസത്തിന്റെ തിരുഹൃദയത്തിൽതന്നെ അഭയംപ്രാപിച്ചു. മാനേജർ വിവരം സൂപ്രണ്ടുദ്യോഗത്തിനെ അറിയിച്ചു.

പ്രസ്തുത വർത്തമാനം കാട്ടുതീപോലെ നാടാകെ പരന്നു. ഹോങ്കോങ്ങ് പട്ടണത്തിൽ എന്നല്ല രണ്ടുപേർ ഒരുമിച്ചു കൂടുന്നിടത്തെല്ലാം സംഭാഷണവിഷയം ഇതായിരുന്നു. ഒരു വിദേശിയൻ, കള്ളപ്പുണ്യവാൻ, പണം പിടുങ്ങാനായി നമ്മുടെനാട്ടിൽ വന്നതാണെന്നു ചില കുബുദ്ധികൾ പറയുന്നുണ്ടു്. ലോനച്ചനു് അനുകൂലികളായിട്ടു് ഈ വിദേശത്തു ആരാണുള്ളതു്. തന്നെക്കുറിച്ചു് സൽഗുണവാനെന്നു പറഞ്ഞിരുന്നവ

൧രാശോയെ ജനനംമുതൽ വളർത്തിരക്ഷിച്ചതു് വി. യൗസേപ്പാണു്.

ർക്കുടിയും ഇപ്പോൾ ഇതാ തനിക്കു വിപരീതമായിരിക്കുന്നു. എങ്കിലും ഹൃദയ നൈർമ്മല്യമുള്ള ഒരു സത്യസന്ധനെ ദൈവം കൈവിടുമോ? ഒരിക്കലുമില്ല. എങ്കിലും ചിലപ്പോൾ വളരെ കാലതാമസത്താലും അവിടുത്തെ സന്നിധിയിൽവച്ചുമായിരിക്കും സത്യം വെളിപ്പെടുന്നതു്. എല്ലാം തന്റെ തിരുമനസ്സുപോലെ.

സൂപ്രണ്ടിന്റെ അടുക്കൽ കേസ്സ് കിട്ടിയപ്പോൾതന്നെ ലോനച്ചനെ ജോലിയിൽനിന്നു ഡിസ്മസ്സ് ചെയ്തു് ബന്ധവസ്സിൽ ആക്കിയശേഷം ആണു് വിസ്തരിക്കാൻ തന്നെ തുടങ്ങിയതു്.

സൂപ്രണ്ടു്:— ഈ അവിചാരിത അവസരത്തിൽ സ്വദേശത്തിനുപോകാൻ ആവശ്യപ്പെടാനുണ്ടായ കാരണമെന്തു്?

ലോനച്ചൻ:— പിതാവിനു സുഖമില്ലെന്നും ഉടൻതന്നെ ചെല്ലണമെന്നും വീട്ടിൽനിന്നും കമ്പി കിട്ടിയതുകൊണ്ടാണു്.

സൂ:— നിങ്ങൾ ജോലിയിൽ പ്രവേശിച്ച അവസരത്തിൽ ശമ്പളം മുഴുവൻ ഇപ്പോൾഎണ്ണും വേണ്ടായെന്നും വീട്ടിൽപോകാൻ ഉദ്ദേശിക്കുന്നില്ല എന്നും പറഞ്ഞതു് ഓർമ്മിക്കുന്നോ? പിന്നീടു് ഇപ്പോൾ അതിനു് വിഘ്നമുണ്ടാകാൻ കാരണമെന്തു്.

ലോ:— ഞാൻ പറഞ്ഞതു് വാസ്തവം ആണു്. പക്ഷെ വീട്ടിൽ പോകുമ്പോൾ കുറെ പണവും കയ്യിൽ ഉണ്ടായിരിക്കണമല്ലോ. അതുകൊണ്ടു് ശമ്പളം കണക്കുതീർത്തു ആവശ്യപ്പെട്ടതാണു. അതിൽ മറ്റുദ്ദേശമൊന്നുമില്ല.

സൂ:— നിങ്ങൾ ആഫീസ്സ്മുറിയിൽനിന്നും വല്ലപ്പോഴും യാദൃശ്ചികമായിട്ടു് അല്പസമയത്തേക്കു് എങ്കിലും മാറിയിട്ടുണ്ടോ?

ലോ.— വീട്ടിൽനിന്നും കമ്പിവന്നപ്പോൾ അതുംനോക്കിക്കൊണ്ടു ആഫീസിന്റെ വാതുക്കലോളം ചെന്നു. പിന്നീടു് അതിനെക്കുറിച്ചു് അല്പം ചിലതെല്ലാം തപാൽപ്യൂണുമായി പറഞ്ഞുകൊണ്ടു് വരാന്തയിൽ ഇറങ്ങി. ഒരു രണ്ടുമൂന്നു മിനിറ്റുനേരം താമസിച്ചു. ആ സമയം എല്ലാം പ്യൂൺ തന്റെ അടുക്കൽതന്നെ ഉണ്ടായിരുന്നു. മറ്റാരും മുറിയിൽ പ്രവേശിക്കാൻ ഇടയായില്ല.

സൂ:— മാനേജരുടെ ജനന നക്ഷത്രദിവസം ഉണ്ടായ ആഘോഷാനന്തരം എല്ലാവരുടേയും ഫോട്ടോ എടുപ്പിച്ച അവസരത്തിൽ നിങ്ങൾ അതിൽ നിന്നും പിൻമാറിയതു് എന്തുകൊണ്ടു്?

അതിനാൽ വി. യൗസേപ്പു ൦രംശോയുടെ വളർത്തുപിതാവാണു്.

ലോ.— അതിലും എനിക്ക് ദുരുദ്ദേശമൊന്നുമില്ലായിരുന്നു. ജോലിത്തിര
ക്കിനാൽ വേഗംപോകേണ്ട ആവശ്യമുണ്ടായിരുന്നതുകൊണ്ടാണ്,
ലോനച്ചൻ ഉടൻ വീട്ടിൽപോകാൻ ആവശ്യപ്പെട്ടതും ശമ്പളം
കണക്കുതീർത്തുവേണമെന്നുപറഞ്ഞതും ഫോട്ടോ എടുപ്പിക്കുന്നതിൽ വിസ
മ്മതിച്ചതും മറ്റാരും മുറിയിൽ പ്രവേശിച്ചിട്ടില്ലാത്തതും തനിക്കു പ്രതി
കൂലമായ തെളിവുകളായിരുന്നു. കൂടാതെ വേറേയും തെളിവുകൾ ധാ
രാളം ഉള്ളതിനാൽ തന്നെ ശിക്ഷിക്കുമെന്നുള്ള നിലയിലായി. അട
ുത്തവെള്ളിയാഴ്ചദിവസത്തേക്ക് അവധിയും മാറിവച്ചു. ലോനച്ചൻ
ഇതാ ദൈവത്തിൽമാത്രം ശരണപ്പെട്ടിരിക്കുന്നു.

ഹാ! ലോകമെ, നീ ഇത്ര വഞ്ചകനൊ? നിന്റെ ഒരു അത്തമസന്താ
നത്തിന്റെ നിരപരാധിത്വം നീ എന്തുകൊണ്ടു കാണുന്നില്ല. നീ എത്ര
പേരെ നിന്റെ വഞ്ചനവലയിൽഇട്ടു കഷ്ടപ്പെടുത്തുന്നു!

VI

വിധി തീർപ്പുപ്പെടുത്തുന്ന ദിവസംആയി. ഒരു പത്തുമണിയോടുകൂടി
കേസ്സിന്റെ അവസാനം എന്തെന്നറിവാൻ ജിജ്ഞാസുക്കളായ ഒരു
വലിയ ജനാവലിയാൽ കച്ചേരിവളപ്പു മുഴുവൻ നിറഞ്ഞുകവിഞ്ഞു. ഓ
രോരുത്തരും പലതരത്തിലും കേസ്സിന്റെ ആരംഭാവസാനങ്ങളെക്കുറിച്ചു
അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നു. ആകപ്പാടെ വലിയ ബഹളം!
ഉടൻ ഇതാ സർവ്വത്ര നിശ്ശബ്ദത. അതു വിധിയാളന്റെ ഉദ്യോഗചിഹ്ന
ങ്ങളോടും ഗൗരവത്തോടുംകൂടിയുള്ള വരവിനാൽ ആയിരുന്നു. ഉടൻ
തന്നെ ദൈവസ്സ്ഥാപിതനായ നിഷ്കളങ്കവദനനെ—അതെ സാധുവാ
യ നമ്മുടെ ലോനച്ചനെ ഹാജരാക്കി. ലോനച്ചന്റെ ആ അതിദയ
നീയമായ നില ചില കഠിനഹൃദയന്മാരെപ്പോലും അനുകമ്പാകുലരാക്കി
എന്നു പറയാം. എല്ലാവരും ശ്വാസംപോലും അടക്കി വിധി കേൾക്കാ
നായി കണ്ണനയനങ്ങളെ ചലിപ്പിക്കാതെ സ്ഥിതിചെയ്യുന്നു. വിധിയാ
ളൻ ആദ്യതീപ്പ് (വിധി) വായിക്കാൻ എഴുന്നേറ്റുനിന്നു പ്രസ്തുത കൃത്യം
നിർവ്വഹിക്കാൻ തുടങ്ങുന്നു. അപ്പോൾ കേൾക്കാം ഒരു രോദനം; ജനാ
വലി ആകെ ഒന്നിളകി അങ്ങുമിങ്ങും അത്യാശയോടെ നോക്കുന്നു.
ഇതാ ഒരു മനുഷ്യൻ നിലവിളിച്ചുകൊണ്ട് ജനങ്ങളെ ലക്ഷ്യമാക്കി അ
വരെ തള്ളിക്കയറി വിധിയാളന്റെ സമീപെ നിറുത്തിയിരിക്കുന്ന ലോന
ച്ചന്റെ മുൻപിൽ സാഷ്ടാംഗ പ്രണാമംചെയ്തു പ്രലപിച്ചുകൊണ്ടു, ഹാ!

വളർത്തുപിതാവിനെ വളർത്തുമകൻ സ്നേഹിക്കും, ബഹുമാനിക്കും.

ലോനച്ചാ! ക്ഷമിക്കണമേ! അങ്ങു് നിരപരാധി ആണേ! പൊന്നെജമാനേ! ക്ഷമിക്കണമേ! ലോനച്ചനെ വിട്ടയക്കണേ, കുറക്കാരൻ ഞാനാണേ! എന്നും മറും പറഞ്ഞു നിലവിളിക്കുന്ന ഈ അവിചാരിത സംഭവം എല്ലാവരേയും അത്ഭുതപരതന്ത്രരാക്കി എന്നു പറയണമെന്നില്ലല്ലോ. അനന്തരം അയാൾ വീണ്ടും തുടങ്ങി പറയുന്നു. "വീട്ടിൽനിന്നുവന്ന കമ്പിയെക്കുറിച്ചു പൂണമായി വരാന്തയിൽനിന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ മറിയിൽകയറി ആ ഡോളർപൊതി എടുത്തുപോയി. ലോനച്ചനാൽ ആദരപിതമായിരിക്കുന്ന തെളിവുകൾ എല്ലാം അദ്ദേഹത്തിനു പ്രതികൂലമായി വന്നുകൊള്ളുമെന്നു ഞാൻ നേരത്തെ മനസ്സിലാക്കിയിരുന്നു. അതിനാൽ എന്റെ ദുരാഗ്രഹം സാധിച്ചുകൊള്ളുമെന്നു വിചാരിച്ചു. എന്നാൽ എന്റെ സുശീലയായ ഭാര്യ ഇതു മനസ്സിലാക്കി എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ ലോനച്ചൻ തീർച്ചയായും ശിക്ഷപെടുമെന്നുള്ള അവസരവുമായി. അതും അവൾ അറിഞ്ഞിരുന്നു. ഇപ്പോൾ എന്തോ ഭയങ്കരമായ ദീനത്താൽ അവൾ കിടപ്പിലായി. അവൾ കുമ്പസാരക്കാരനെ വിളിച്ചു ഒരു ദിവ്യ കുമ്പസാരം കഴിച്ചു. എന്നാൽ അദ്ദേഹം പോകാൻ സമയത്തു, "സത്യം സത്യമായും" "നീതി നീതിയായും" ലോകത്തിൽ പരിലസിക്കട്ടെ! എന്നു പറഞ്ഞു. അതു എന്റെ ഹൃദയത്തെ ഇളക്കി. കാര്യം മനസ്സിലാക്കി ഇങ്ങോട്ടു പോന്നു; നിഷ്കണ്ടകനായ എന്റെ ഈ ഭയങ്കര കൃത്യമാണു് അവളെ ഇത്തരുണത്തിൽ ആക്കിയതു" എന്നെല്ലാം അയാൾ വിസ്തരിച്ചു പറഞ്ഞു.


ഹ! എല്ലാവരും വിസ്മയഭരിതരായി. ലോനച്ചന്റെപേരിൽ അവർക്കെല്ലാം ഒരുപോലെ അനുതാപവും സന്തോഷവും ആയി. പലരും മാപ്പപേക്ഷിച്ചു. സൂപ്രണ്ടുമുതൽപേരും ഉടൻ ക്ഷമായാചനം ചെയ്തു. ലോനച്ചനെ വീണ്ടും ജോലിയിൽ എടുത്തു. കൂട്ടുദ്യോഗസ്ഥനെ ഡിസ്മിസ്സും ചെയ്തു. വീട്ടിൽനിന്നും പിതാവിന്റെ സുഖവിവരത്തിനു അറിവു കിട്ടിയെങ്കിലും താമസിക്കാതെ ലോനച്ചൻ ജോലി രാജിവച്ചു വീട്ടിലേക്കു പോയി. വീട്ടിൽവന്ന ഉണ്ടായ വിവരങ്ങളെല്ലാം പറഞ്ഞു. എല്ലാവരും ആനന്ദതുന്ദിലരായി സന്തോഷാശ്രുക്കൾ പൊഴിച്ചു ദൈവത്തെ സ്തുതിച്ചു. എല്ലാവരും ഒരു പുഷ്പമെന്നവണ്ണം ലോനച്ചന്റെ സാന്നിദ്ധ്യത്തിനാൽ വികസിക്കുന്നു. അവർക്കു അതൊരു ക്രിസ്തുമസ്സ് ദിവസംതന്നെയായിരുന്നു.

അതിനാൽ വി. യൌസേപ്പിനെ ഭരംശോ സ്നേഹിക്കും ബഹുമാനിക്കും.

കുറച്ചുനാൾകൂടി കഴിഞ്ഞു മാതാപിതാക്കന്മാരുടേയും ലോനച്ചന്റേയും ആഗ്രഹവും അനുമതിയും പ്രകാരം കുറെ ദൂരെയുള്ള ഒരു പുതിയ കന്യകാമഠത്തിൽ തങ്കമ്മയും മേരിക്കുട്ടിയും ചെന്നുചേർന്നു. ലോനച്ചനും മറ്റവരുടേയും അനുവാദപ്രകാരം ലോകത്തെ പാടെ പരിത്യജിച്ചു് ദൈവത്തിന്റെ പ്രേഷകനായി ഫ്രാൻസീസഭയിലും ചേർന്നു. ഇങ്ങനെ ഈ ശ്രീമളപുഷ്പം ആത്മീയമായി യോജിച്ചുകൊണ്ടു ചെറുപ്പം മുതൽക്കേ ആഗ്രഹിച്ചിരുന്ന സന്യാസവൃത്തി സ്വീകരിച്ചു പ്രാർത്ഥനയാലും പ്രസംഗത്താലും ദൈവത്തിന്റെ ഉത്തമ പ്രേഷകരായി തദാശ്രമങ്ങളെ അലംകരിച്ചു് അതിനെ ശോഭനമാക്കിയിരിക്കുന്നു. വയോവൃദ്ധരായ ഏലിയാമ്മയും മാത്തച്ചനും തങ്ങളുടെ സന്താനകുസുമങ്ങളെ ദൈവത്തിൽ പൂർണ്ണമനസ്സോടെ ബലികഴിച്ചതിന്റെശേഷം ഭക്തിയായി തന്റെ സാന്നിദ്ധ്യം പ്രാപിപ്പാൻ പരിശ്രമിച്ചുംവരുന്നു.

ദൈവം തന്റെ ദാസരെ ഒരിലും കൈവിടുകയില്ല.

ശുഭം.



കത്തോലിക്കാസഭയെയും അതിന്റെ ഓരോ അംഗത്തെയും സാരമായി സംബന്ധിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതെന്നു നമ്മുടെ ജനങ്ങളെല്ലാം ശരിയായും സൂക്ഷ്മമായും അറിഞ്ഞിരുന്നെങ്കിൽ നമ്മുടെ ക്രൂപതയുടെ സ്ഥിതി എത്ര നന്നാകുമായിരുന്നു! ഉപജ്ഞാസപലമായ ഒരു കത്തോലിക്കാ പ്രതിവാരപത്രം ക്രൂപതയിലെ ഓരോകുടുംബത്തിലും പ്രചരിക്കുന്നപക്ഷം, അതു അവരുടെ ഗുണാഭിവൃദ്ധിക്കു ഒരു വലിയ പ്രേരണയും കാരണവുമായിരിക്കും.

(ക്ലവ്‌ലാന്റിലെ മെത്രാൻ)

സ്വിറ്റ്സർലണ്ടുകാർക്കു റോമയിൽ അവരുടെ സ്വന്തമായ ഒരു സെമിനരി ഉണ്ടായിരിക്കുന്നതാണ്. പല രാജ്യക്കാർക്കും അവരവരുടെ വകയായുള്ള സെമിനരികൾ റോമയിൽ ഉണ്ടല്ലോ.

വി. യൌസേപ്പു നമുക്കുവേണ്ടി ദൈവത്തോടു അപേക്ഷിക്കും.

മാച്ചു് മാസകീർത്തനം.

(ശ്രീമാൻ എ. ഠറി. ടേവസ്സി; ഏണ്ടങ്ങിയൂർ.)

ചെഞ്ചുരുട്ടി. "(നാടഞ്ചിന്റുകലാടി" മട്ടു.) ആദി.

1. വിണ്ണവക്കെല്ലാം കണ്ണിലുണ്ണിയായി, വിണ്ണിൽവാണിടും പാവനചരിത!
പുണ്യപൂർണ്ണനായീടും മാർ യെസേപ്പേ! മമ താത!

2. മർത്ത്യരക്ഷകനായീടും യേശുവെ, തൃക്കരത്തിലെടുപ്പാൻ സാധിച്ചൊരു
മർത്ത്യവംഗവ! ധന്യനായ് രീക്കെന്നെ മമ താത!

3. ഹേറോദേസിൻെറം ദുഷ്ടത്വത്തിൽനിന്നു ലോകനാഥനാം യേശുമിശിഹായെ
ക്രൂരോടെ പരിരക്ഷിച്ച പുണ്യവാൻ ചിരംവാഴ്ക!

4. 'നീതിമാനെ'ന്നുള്ളപരനാമവും നീതിമൂലം നിനക്കുലഭിച്ചല്ലോ
നീതിയോടിഹ കൃത്യങ്ങൾ ചെയ്യുവാൻ വരംനൽക.

5. മൃത്യുനേരം വന്നടുത്തിടുംകാലം ശത്രുബാധകളെല്ലാം നീക്കിയെന്നെ
സ്വർഗ്ഗമാം തവ തൃക്കയ്യിലേന്തീട്ട ടിവിടേക്ക!

—•—

പത്രപ്രവർത്തകന്മാരുടെ സാഹിത്യരക്ഷാധികാരിയായി സ്വീകരിക്കപ്പെട്ടിരിക്കുന്ന ഫ്രാൻസിസ് ദെസെയിൽസുപുണ്യവാളന്റെ തിരുനാൾദിവസം റോമിലെ കത്തോലിക്കാപ്രവർത്തകന്മാർ അവിടത്തെ തിരുഹൃദയ ബസിലിക്കാപള്ളിയിൽ ഒരുമിച്ചുകൂടി കുർബാനകാണുകയുണ്ടായി.

* * * *

ഫ്രാൻസിൽ നാൻട്സ് എന്ന പട്ടണത്തിലെ അധികാരി (മേയർ) വിശുദ്ധ കുർബാനയുടെ തിരുനാൾദിവസം പ്രദക്ഷിണം മുടക്കിയതിനെസംബന്ധിച്ചു് ആ സ്ഥലത്തെ മെത്രാൻ മേയരുടെമേൽ കൊടുത്തിരുന്ന കേസിൽ, ആ രാജ്യത്തെ പ്രധാന നീതിന്യായക്കോടതി, മെത്രാനവർകൾക്കു അനുകൂലമായ തീർപ്പു കല്പിച്ചിരിയ്ക്കുന്നു.

ആ അപേക്ഷ ഒരംശം തീർച്ചയായും സാധിച്ചുകൊടുക്കും.

സ്പെയിൻ രാജാവും പരിശുദ്ധ കുബ്ബാനയും.

(ശ്രീമാൻ ഇ. ജെ. ആൻറണി, ബി. എ.)

സ്പെയിനിലെ രണ്ടാം ചാൎൽസ് രാജാവിൻെറ ജീവചരിത്രത്തിൽ വിശുദ്ധ കുബ്ബാനയുടെ നേരെയുള്ള സ്നേഹാദരവുകൾക്കു ദൃഷ്ടാന്തമായി ഒരു പ്രധാന സംഭവം വിവരിച്ചു കാണുന്നുണ്ട്. അദ്ദേഹം പതിവു പോലെ സേവകന്മാരാൽ അനുഗതനായി തലസ്ഥാനമായ മേഡ്രിഡ് പട്ടണത്തിൻെറ സമീപത്തു കൂടിക്കൽ സവാരിചെയ്കയായിരുന്നു. യാത്രാമദ്ധ്യേ ഒരു വൈദികൻ അതിലെ കടന്നുപോകുന്നതു കാണാറിടയായി. അദ്ദേഹത്തിൻെറ മുമ്പിൽ കത്തുന്നപന്തവുമേന്തി ഒരു വൈദിക വിദ്യാൎത്ഥി നടന്നിരുന്നു. വൈദികനു കൂട്ടായി ഒരാളെമാത്രം കണ്ടതിനാൽ ഏതോ ദീനക്കാരനു അദ്ദേഹം വിശുദ്ധ സൈത്തു കൊണ്ടുപോകുകയാണെന്നാണ് രാജാവിനു തോന്നിയതു്. തൻെറ ധാരണ യഥാൎത്ഥമാണൊ എന്നറിവാൻ അദ്ദേഹം വണ്ടി നിറുത്തി അന്വേഷണം ചെയ്തു. മരിക്കാറായ ഒരാൾക്കു വിശുദ്ധ കുബ്ബാന എഴുന്നെള്ളിച്ചുകൊണ്ടു പോകുകയായിരുന്നു എന്നറിഞ്ഞു് അത്യധികം വിസ്മയിച്ചു!

"എൻെറ പ്രജകൾ വിശുദ്ധ കുബ്ബാനയോടു് വേണ്ട ബഹുമാനം പ്രദൎശിപ്പിച്ചു കാണുന്നില്ല. രാജാവിൻെറ നിലയിൽ ഒരു മാതൃക കാണിക്കേണ്ടതു എൻെറ കൃമതലയാണ്" എന്നു വിചാരിച്ചു.

അനന്തരം രാജാവു് വണ്ടിയിൽനിന്നിറങ്ങി വാതിൽതുറന്നു വൈദികനോടു കയറുവാൻ പറഞ്ഞു. വാതിലടച്ചശേഷം രോഗിയുടെ സ്ഥലത്തേയ്ക്കു് വണ്ടി തെളിക്കുവാൻ അദ്ദേഹം ആജ്ഞനൽകുകയും നഗ്നശിരസ്കനായി വണ്ടിയുടെ പിന്നിൽ നടക്കുകയും ചെയ്തു.

രാജാവിൻെറ അംഗപരിപാലകൻ അശ്വാരൂഢനായി മുമ്പിലും രാജകൊട്ടാരത്തിലെ പ്രഭുക്കന്മാരും മാന്യരും പിന്നിലുമായി ഒരു വലിയ ഘോഷയാത്ര തുടൎന്നു. അവർ ചെന്നതു പട്ടണത്തിൻെറ പിൻപുറത്തുള്ള ഏറ്റവും പാവപ്പെട്ട ഒരു കുടിലിൻെറ മുൻവശത്താണ്. രാജാവു വണ്ടിയുടെ വാതിൽതുറന്നു വൈദികനെ ഇറക്കി. അദ്ദേഹം കുടിലിൽ കടന്നു അത്യുൻ വിശുദ്ധ കുബ്ബാന കൊടുക്കുന്നതിനിടയ്ക്കു് മുട്ടി

മരണം മനുഷ്യജീവിതത്തിൻെറ അവസാനമാകുന്നു.

മേൽനിന്നു പ്രാർത്ഥനയിൽ നിമഗ്നനായി. പിന്നീടു രോഗശയ്യയെ അവലംബിച്ചിരുന്ന സാധുവിനെ വളരെ ദയവോടുകൂടി സാന്ത്വന വാക്കുകൾകൊണ്ടു ആശ്വസിപ്പിച്ചു. ബാഷ്പധാരചൊരിഞ്ഞുംകൊണ്ടു അടുത്തു നിന്നിരുന്ന അയാളുടെ ഏക പുത്രിയെ കാണുകയും അവളുടെ അനാഥസ്ഥിതികണ്ടു് മനസ്സലിഞ്ഞു് അവളുടെ ജീവസന്ധാരണത്തിനു ഭണ്ഡാരത്തിൽനിന്നു സഹായധനം കൊടുത്തുകൊള്ളേണമെന്നു സേവകനോടു കല്പിക്കുകയും ചെയ്തു. പരമകാരുണികനായ ദൈവം ഏറ്റവും അവിചാരിതമായ വിധത്തിൽ മരണാക്രാന്തനായ ആ സാധു മനുഷ്യന്റെ നിരാധാരയായ ബാലികയെ സംരക്ഷിക്കാൻ ഇടവന്നു.

ഇതിനിടക്കു പുറത്തു വലിയ ബഹളമായി. മനോഹരമായ അനവധി വണ്ടികളും വളരെ മാന്യന്മാരും അവിടെ നില്ക്കുന്നതുകണ്ടു് ആ പ്രദേശങ്ങളിലുള്ള ആളുകൾ ജിജ്ഞാസുക്കളായി തിക്കിത്തിരക്കി കൂടിയിരുന്നു. മോടിയുള്ള വസ്ത്രവും ധരിച്ചു് അശ്വാരൂഢരായി അണിനിരന്നു നില്ക്കുന്ന രാജസേവകന്മാരെക്കണ്ടു് അതിന്റെ രഹസ്യം എന്തായിരിക്കുമെന്നു അവർ തമ്മിൽ ചോദ്യം തുടങ്ങി. തത്സമയം "രാജാവു്", "രാജാവു്" എന്നു മുറവിളി കേൾക്കപ്പെട്ടു. ദിഗ്വിജയവും, വിശേഷവസ്ത്രാലംകൃതനുമായ ഒരാൾ അവിടത്തെ ഏറ്റവും ദാരിദ്ര്യമടഞ്ഞ കുടിലിൽനിന്നു വരുന്നതും ആ മാന്യ പുരുഷന്റെ പിന്നിൽ വിശുദ്ധ കുർബ്ബാന വഹിച്ചുകൊണ്ടു ഒരു വൈദികൻ നടക്കുന്നതും അവർ കണ്ടു. കൂടിയിരുന്ന ജനസഞ്ചയത്തോടു മുട്ടുകുത്തുവാൻ രാജാവു് ആംഗ്യം കാണിച്ചു. അദ്ദേഹമാകട്ടെ തലതാഴ്ത്തി ഭക്ത്യാദരവുകളോടുകൂടി വണ്ടിയുടെ വാതിൽ തുറന്നു വൈദികനെ കയറ്റി. താൻ വീണ്ടും കാൽനടയായി വണ്ടിയുടെ പിന്നിൽത്തന്നെ നടന്നു ആ മഹാ പ്രദക്ഷിണം ദേവാലയത്തിലേക്കു തിരിച്ചു. രാജാവിനെ അനുഗമിച്ചുകൊണ്ടു വന്നിച്ച ജനാവലി പിന്നിലുണ്ടായിരുന്നു. പരിശുദ്ധ കുർബ്ബാനയോടുണ്ടായിരിക്കേണ്ടതായ അതീവഭക്തിയും സജീവ ബഹുമാനവും പ്രജകൾ രാജാവിന്റെ ദൃഷ്ടാന്തത്തിൽനിന്നു മനസ്സിലാക്കുവാൻ ഇടയായി.

ഇറാലിയിലെ പട്ടക്കാരിൽ അത്യന്തം വയസ്സുചെന്നയാൾ ട്യൂറിനിൽവച്ചു തന്റെ 107-ാമതു വയസ്സിൽ പരലോകഭാഗ്യം പ്രാപിച്ചിരിക്കുന്നു.

അതു പരലോക ജീവിതത്തിന്റെ ആരംഭവുമാകുന്നു.

൦൧൦ശോയുടെ കഷ്ടാനുഭവം.

(ഗാഥ)

(ശ്രീമാൻ സെബാസ്ത്യാൻ പാടൻ എടപ്പിള്ളി)

സ്തോത്രഗീതങ്ങളുമത്താഴവുമൊക്കെ തത്രകഴിഞ്ഞിട്ട നാഥൻ പിന്നെ
'ഗത്സേമ്മ'നെന്നുള്ള തോട്ടത്തിലേയ്ക്കായി ഉത്സാഹപൂവ്വം നടന്നുചെന്നു.
ശിഷ്യരെയസ്ഥലെയിട്ടിട്ടവിടന്നു ഈശ്വർദ്ദൂരമങ്ങകന്നുപിന്നെ
സാഷ്ടാംഗപ്രണാമം ചെയ്തിട്ടനന്തരം ദൃഷ്ടിയെ മേല്പോട്ടയത്തി നാഥൻ
സ്വർഗ്ഗപിതാവിനോടോരോന്നുമർത്ഥിക്കെ നിർദ്ദിച്ചു രക്തസേദമെങ്ങും;
മാനുഷരക്ഷയ്ക്കായ്ത്താൻ കുടിച്ചീടേണ്ട പാനപാത്രം ബഹുകഷ്ടമെന്നും,
തൽഫലം മാനുഷർവേണ്ടപോലേല്ക്കാതെ തുമ്പമോടെനശിച്ചീടുമെന്നും
കണ്ടിട്ടവിടന്നനുഭവിച്ചതാണീ ഇണ്ടലിൻ കാരണമെന്നുനൂനം.
"അഞ്ഞയ്ക്കിഷ്ടമെങ്കിലിന്നീപാനപാത്രം എങ്കൽനിന്നു മാറിപ്പോണമെ,
എന്നിഷ്ടമല്ല പിതാവെ അഞ്ഞയിഷ്ടം എന്നിൽ നിവർത്തിയാകട്ടെ" യെന്നും
താനനുപ്രാർത്ഥിച്ചനേരത്തു തൻതിരുമേനിയാകവെ തളർന്പാരം!
വീണുമെഞ്ചീറം തൻശിഷ്യരെപ്രാപിച്ചുകേണരുളി "യെൻപ്രാ ആത്മാവിപ്പോൾ
പ്രാണവേവ്വാടിക്കുഴഞ്ഞുകം വേദനയാണെനുഭവിച്ച" തെന്നും, പിന്നെ
"എൻശത്രുക്കളിങ്ങടുത്തുവരുന്നെ" ന്നും, "ഞാനവർക്കെതിരെ പോകുന്നെ" ന്നും
ചൊന്നുകൊണ്ടല്പം നടന്നനേരത്തിങ്കൽ വന്നിതായൂദായും സേനകളും.
വാളും, കുറുവടി, കുന്തവു, മെന്നല്ലാ ആളും പന്തങ്ങളും കൈയിലേന്തി.
യൂദായെക്കണ്ടിട്ടവിടന്നവനോട്: "മോമോടെന്നെ നീ മുത്തിടാനൊ?,
ചുംബനത്താലെന്നെ ഒറിക്കൊടുപ്പാനൊ എന്തിനുസ്നേഹിതാ നീ വരുന്നു?"
എന്നരുളീടുന്നനേരത്തവൻ വന്നു ഉന്നതനീശോയെ മുത്തിവേഗം.
ചുംബനംചെയ്തുകണ്ട യൂദഗണം ഉന്മാദമോടങ്ങടുത്തുവന്നു.
തൽക്ഷണം നാഥനവരോട് ചോദിച്ചു: "നിങ്ങളുമാരെതിരിഞ്ഞീടുന്നു?"
"ഞങ്ങളീശോയെയന്വേഷിക്കുന്നെ" "ന്നവർഅരുളുന്നതി "നീശോനാനാണെ" ന്നും
തൻതിരുവായിടത്തരുളിയനേരം പിന്തിരിഞ്ഞുടവർ വീണുപാരിൽ.
ഈശോയവരോടരുൾചെയ്യുപിന്നെയും ആശുപോലങ്ങെ പിടിച്ചുകൊൾവാൻ
വീണ്ടുമെണീറവർ നാഥനാമീശോയെ നീണ്ടകയറാൽ പിടിച്ചുകെട്ടി;
ഉന്തിയും, തള്ളിയും, തള്ളിയും, നുള്ളിയും, ഹന്ത! ചെയ്കൃത്യമെത്രചൊല്ലാം!!
നീതിസ്ഥലങ്ങളിലീശോയെയാരാത്രി നീതികൂടാതവർ കൊണ്ടുചെന്നു;
അങ്ങെരിചുകളാം മേല്പട്ടക്കാരെല്ലാം അങ്ങെ ഹസിച്ചു വിധിച്ചുകഷ്ടം!
കന്നത്തടികളും, കൺമൂടികെട്ടലും അന്നവിടന്നേറെതയ്യോ! കഷ്ടം!!
രാത്രിമുഴുവനും ദുഃഖാനുഭവത്തിൽ ധാത്രീശനന്നുകഴിച്ചുകൂട്ടി.
നേരംപുലർന്പ്പോൾ പീലാത്തോസിൻപക്കൽ കാരുണ്യനാഥനെ കൊണ്ടുചെന്നു;

കായ്മംഗ്രഹിച്ചവനെന്ന വരികിലും ഹേഹോദേശിൻ പക്കലാനയിച്ചു.
ആ ഉണ്ണീശോയോടു പലചോദ്യങ്ങൾ ആദരവില്ലാതെ ചെയ്കിലും
നാഥനവയ്ക്കു പ്രത്യുത്തരമൊന്നുമെ ഓതായ്കമൂലമാട്ടിടുമ്പോൾ
ഭോന്തനെന്നങ്ങയെ ഭാഷിച്ചുകൊണ്ടൊരു ശ്ലീമോം വസ്ത്രത്തെ നൽകിക്കൊണ്ടു
പീണ്ടമയച്ചു പീലാത്തോസിന്നന്തികെ ഇണ്ടലോടുമങ്ങയ്ക്കുകിട്ടുവാൻ.
യൂദരെപ്രീതരായ് ത്തീർപ്പതിന്നായവൻ ആഭികാരണനെന്നു തുണിൽകെട്ടി
ദേഹമേകപ്രണമായിഭവിപ്പോളംഹാഹന്ത! തല്ലിച്ചു കഷ്ടാൽ കഷ്ടം!
ചമ്മട്ടിയാലടിഇമ്മട്ടിലെങ്ങാനും ജന്മത്തിലാരാനും കേട്ടതുണ്ടോ?
കെട്ടഴിച്ചു പിടിച്ചനേരത്തിലെൻനാഥൻ നെട്ടലെപീഴന്നതുന്നിൽമുട്ടെ:
ഇയ്യുള്ളോർചെയ്തും ചെയ്യുന്നതുമിനി ചെയ്വാനുള്ളതുമായമഹാ-
പാപങ്ങളൊന്നൊന്നായ് ക്ഷമചെയ്വാനൊ ചോരപ്പുഴയിൽ നീമുങ്ങുന്നതു?
പോരായിനിയുമെൻപ്രാണേശാ ഞങ്ങടെപോരായ്മതീർപ്പാനവിടന്നിപ്പോൾ;
കീറിച്ചവച്ച ചകലാസുടക്കണാ, പീറനാല്ലാലിമേലേറിടണം;
അഞ്ഞൂന്നരിന്മേലിരുന്നനേരമവർ എഞ്ഞൂമനുഷരെ കേൾക്കാത്തൊരു
പാതകമങ്ങയിൽചെയ്യുമഹാട്ടഹാസർ ആതങ്കമേറുന്നചിന്തികയിൽ:
ക്രൂരനയുള്ളൊരു മൽപ്പെടികൊണ്ടവർ വാർമുടിയൊന്നുപിണച്ചുണ്ടാക്കി
മോക്ഷലോകത്തിങ്കലക്ഷയമിപ്പിയും, വീക്ഷിപ്പോൾക്കാനന്ദസംപ്രാപ്തിയും
ഏകംനൽശിക്ഷത്തിൽവച്ചുകൊണ്ടാമുടിആകംഖിധമവർതല്ലിത്താഴ്ത്തി;
മുള്ളുകളുള്ളിൽകടന്നുചുടുനിണം തള്ളിപ്പുറപ്പെട്ടുപിച്ചുമൂലം
"മോക്ഷാനന്ദപ്രഭയേകം മുഖപത്മം വീക്ഷിപ്പാനാർക്കുമരുതായി.
കണ്ണുകൾരണ്ടിലും വിണ്ടിട്ടാശ്രോണിതം മണ്ണിലോളംതന്നെ നീണ്ടൊഴുകി.
കണ്ണുകൾ തിരുവാനല്ലാതുറപ്പാനും ഞെരുങ്ങുന്നയെൻനാഥനപ്പോൾ.
ഇപ്പിധമങ്ങിരുന്നീടുന്നനേരത്തു് ശപിതരായമഹാപാതകർ
ഒന്നൊന്നായ്പന്നങ്ങെ മുമ്പിൽ മുട്ടുകുത്തി ചൊന്നങ്ങേയ്ക്കുപമാധിപത്തിൽ:
"രാജാവെവാഴ്ക നീരാജാവെവാഴ്ക്കെന്നും, രാജ്യമടക്കിനീവാഴ്കയെന്നും,
ഒപ്പമാട്ടഞ്ജനമെങ്ങനിരുമുഖം തുപ്പിയും തല്ലിയും ഭിന്നമാക്കി;
ഞങ്ങേണകയ്യിൽകൊടുത്തതെടുത്തുകൊണ്ടങ്ങെ തലയിലും തല്ലികഷ്ടം!
പിന്നെയകിഴിയവസ്ത്രമുരിഞ്ഞിട്ട് തന്നുടെവസ്ത്രത്തെവീണ്ടുമിട്ട
താൻമരിച്ചിട്ടവനുള്ളകുരിശിനെ തൻതോളിൽതന്നെപിടിച്ചുവച്ചു
'ഗാഗുൽത്താ'യെന്നമലയിലേയ്ക്കായവർ വേഗമിരോയെയന്നാനയിച്ചു.
കേറുംവഴിക്കുണ്ടുപലേടത്തും പേറുംകുരിശിൻറെ ഭാരത്താലെ
വീണുമെണീറ്റും, വലഞ്ഞുമലകൾ കേണുചെന്നെത്തിയനേരമവർ
തുരുമ്പാസായകനേശുനാഥനൊരു ആശ്വാസംനൽകിയതെന്തുപാത്താൻ:
ഏറെരംപിരസവും, കസ്തൂരുലനിയും നാറുവുമുള്ള പുളിഞ്ചൊറുക്ക
കുടുമപിടുന്നതുകടിച്ചില്ലെന്നു തിട്ടം പറവാനെനിക്കുവയ്യാ.
തൻവസ്ത്രമാട്ടിയർ നീക്കിയുടൻതന്നെ വൻകുരിശിന്മേൽ കിടത്തിവേഗം

നൽമരം നിത്യഭാഗ്യത്തേയും ഉന്മരണം നിത്യനാശത്തേയും നമുക്കു തരുന്നു.

കൈയിലും കാലിലും ആണിതറച്ചതു അയ്യോ! ബഹുകഷ്ടം!! ഓർക്കയ്യേ.
പൊക്കിരിശവർ നാട്ടിനിറുത്തിയാപൊക്കമേറുന്ന മലമ്പുറത്തു.
കാണെണമക്കാഴ്ചകേണ്ടിടണംനമ്മൾ ചേണുറുതാപത്തോടേറുമേറും.
ആരണ്യവാസത്തിൽസപ്പംകടിച്ചവർ മാരണ്യമേല്ക്കാതിരിപ്പാനായി
പിച്ചളസപ്പത്തെ നോക്കിയപോലിപ്പോൾ പാത്രാത്താപനിതം നോക്കുകിൽനാം
പെട്ടിരുന്നീടുന്ന പാപവിഷങ്ങൾക്ക് തിട്ടമായ് മോചനംപ്രാപിച്ചീടാം.

* * * *

മൂന്നു വലിയ അനുഗ്രഹങ്ങൾ കിട്ടുന്നതിനു് യെഹൂസേപ്പു പിതാവിനോടു് അപേക്ഷിക്കേണമെന്നു അൽഫോൻസുസ് പുണ്യവാൻ നമ്മെ ഉപദേശിക്കുന്നു. അതായതു, നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള മനസ്താപവും, ഈശോമിശിഹായെക്കുറിച്ചുള്ള സ്നേഹവും, പരിശുദ്ധവും ഭാഗ്യകരവുമായ മരണവും. "ഈ ശോ ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തു ഒരു പാപിക്കു തന്റെ പാപത്തിനു മാപ്പുലഭിക്കണമെന്നു ആഗ്രഹമുണ്ടായിരുന്നെങ്കിൽ അതു സാധിക്കുന്നതിനു യെഹൂസേപ്പു പിതാവിനോടു അപേക്ഷിക്കുന്നേടത്തോളം നല്ലമാശ്ശം അവനു വേറെ വിദ്യയുണ്ടായിരുന്നേനെ" എന്നു അല്ഫോൻസുസ് പുണ്യവാൻ ചോദിക്കുന്നു. എന്നുമാത്രമല്ല, പുണ്യവാന്മാർ ലോകത്തിൽ ആയിരിക്കുമ്പോൾ ഏതനുഗ്രഹത്തിന്റെ മദ്ധ്യസ്ഥന്മാരായി അറിയപ്പെട്ടിരുന്നുവോ ആ അനുഗ്രഹത്തിന്റെ ശക്തിയുള്ള മദ്ധ്യസ്ഥന്മാരായിട്ടു് അവർ സ്വർഗ്ഗത്തിലും വാഴുന്നുണ്ടെന്നുള്ളതു പൊതുവെ സ്വീകരിക്കപ്പെട്ടുന്ന ഒരു തത്വമാണു്. യെഹൂസേപ്പുപിതാവു്, തന്റെ പരിശുദ്ധ പത്നിയായ മറിയത്തെപ്പോലെ തന്നെ, മിശിഹായെക്കുറിച്ചുള്ള സ്നേഹത്താലാണു് മരണം പ്രാപിച്ചതെന്നു ഫ്രാൻസീസ് ദെസെയിൽസ് പുണ്യവാൻ ഉറപ്പു പറയുന്നു. പരിശുദ്ധ ദേവമാതാവിനെ കഴിഞ്ഞാൽ യെഹൂസേപ്പുപിതാവു് മറ്റെല്ലാ സൃഷ്ടികളെക്കാളധികം ആഴമായും തീക്ഷ്ണമായും ഈശോയെ സ്നേഹിച്ചു. അതിനാൽ ആ അനുഗ്രഹം നമുക്കു വാങ്ങിത്തരുന്നതിനു അവിടേയ്ക്കു വളരെ ശക്തിയുണ്ടു്. മൂന്നാമതായി, ദേവമാതാവിനെ ഒഴിച്ചാൽ മറ്റു യാതൊരു മനുഷ്യരും യെഹൂസേപ്പുപിതാവിനെപ്പോലെ അത്രമനോഹരമായ വിധം മരണം പ്രാപിച്ചിട്ടില്ല.

ദൈവേഷ്ടപ്രസാദത്തിൽ മരിക്കുന്നവൻ നല്ലമരണം മരിക്കുന്നു.

പന്ത്രണ്ടാമത്തെ വാഗ്ദാനം.

(റവ. ഫാദർ മാത്യു തോട്ടങ്കര.)

ഫ്രാങ്കുമറിയുടെ രണ്ടാമത്തെ യൂറോപ്പുയാത്ര അയാൾ ഒരിക്കലും മറക്കുകയില്ല. ലോകമഹായുദ്ധത്തിന്റെ ഭയങ്കരഘട്ടത്തിൽ അമ്മേരീക്കൻ കാലാൾ സൈന്യത്തിലെ ഒരു ഭടനായിട്ടാണ് അയാൾ ഒന്നാമത്തെ യൂറോപ്പുയാത്ര കഴിച്ചതു്. അന്നു അയാളും സ്നേഹിതനായ ടോംകണ്ണോറുംകൂടി ഐക്യസൈന്യത്തിന്റെ വിജയത്തിനായി ധൈര്യസമേതം പോരാടുകയും പലേ അപകടഘട്ടങ്ങളിൽ അവരുടെ സാമർത്ഥ്യത്തെ പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടോം അപകട സമയങ്ങളിൽ പ്രദർശിപ്പിച്ചിരുന്ന ശാന്തത ഫ്രാങ്കിനെ പലപ്പോഴും അത്ഭുതപ്പെടുത്താറുണ്ടു. അതി കഠോരമായ യുദ്ധസമയത്തു മറ്റു ഭടന്മാർ ഭയത്തോടും വിറയലോടുംകൂടി വർത്തിക്കുമ്പോൾ ടോം മരണത്തെ സസന്തോഷം സ്വീകരിക്കാൻ സന്നദ്ധൻ എന്നപോലെ പ്രസന്നവദനനായും പ്രശാന്ത മനസ്കനായും തന്റെ ചുമതലയെ നിർവ്വഹിച്ചുപോന്നു. ഇതു മാത്രം ശാന്തതയോടുകൂടി പെരുമാറാൻ സാധിക്കുന്നതെങ്ങിനെയാണെന്നു ഫ്രാങ്ക സ്നേഹിതനോടു ഒരവസരത്തിൽ ചോദിച്ചപ്പോൾ അയാൾ ഇപ്രകാരം പറകയുണ്ടായി. "അതു ഞാൻ പറയാം. മനുഷ്യന്റെ ജീവിതോദ്ദേശം ദൈവശുശ്രൂഷചെയ്തു മോക്ഷം സമ്പാദിച്ചു ദൈവദർശനത്തെ ആസ്വദിക്കയാണല്ലൊ. ജീവിതകാലത്തു ദൈവശുശ്രൂഷ വിശ്വസ്തതയോടെ നിർവ്വഹിച്ചിട്ടുള്ള ഒരുത്തനു ദൈവസന്നിധിയിലേക്കു പ്രവേശിപ്പിക്കുന്നതായ മരണത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. ഇതുകൊണ്ടാണ അപകടസമയങ്ങളിൽ എനിക്കു ഭയം തോന്നാത്തതു."

ഒരിക്കൽ ഫ്രാങ്കിനു സ്നേഹിതനെപിരിഞ്ഞു അകലെയുള്ള ഒരു യുദ്ധഭൂമിയിലേക്കു പോകേണ്ടതായി വന്നു. യാത്രപറഞ്ഞു പിരിയുന്ന അവസരത്തിൽ ടോം കഴുത്തിൽ ധരിച്ചിരുന്ന ഒരു ചെറിയ വെള്ളിക്കുരിശുരൂപം ഊരിഎടുത്തു ഫ്രാങ്കിന്റെ കഴുത്തിൽ ഇട്ടിട്ടു "എന്റെ ഓർമ്മക്കായി ഇതിനെ ധരിച്ചുകൊള്ളണം" എന്നു പറഞ്ഞു. ഇങ്ങിനെ ആ ഉത്തമ സ്നേഹിതന്മാർ തമ്മിൽ പിരിഞ്ഞു.

പുതിയ പോർക്കളത്തിൽവച്ചു ഫ്രാങ്കിനു ഒരു വലിയമുറിവേറ്റു. വളരെ സമയം കഴിഞ്ഞു മാത്രമെ അയാൾക്കു സുബോധം ഉണ്ടായുള്ളു.

ചാവുദോഷത്തിൽ മരിക്കുന്നവൻ ദുർമ്മരണം പ്രാപിക്കുന്നു.

അയാളുടെ അടുത്തുതന്നെ വേറൊരു യുവഭടൻ ആസന്നമരണാനായി കിടക്കുന്നുണ്ടായിരുന്നു. കഠിനവേദന അനുഭവിച്ചിരുന്നുവെങ്കിലും അയാളുടെ മുഖത്തു ഒരു സ്വർഗ്ഗീയ സമാധാനം കളിയാടിക്കൊണ്ടിരുന്നു. "ശ്രീ. മറിയമെ തമ്പുരാന്റെ അമ്മെ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടു അപേക്ഷിച്ചുകൊള്ണമെ" എന്നു നിരന്തരം അയാൾ ജർമ്മൻ ഭാഷയിൽ ഉരുവിട്ടിരുന്നു. ഫ്രാങ്കിനു ജർമ്മൻ ഭാഷ കുറച്ചറിയാമായിരുന്നതുകൊണ്ടു തന്റെ സമീപത്തു മരിക്കാറായി കിടക്കുന്ന പടയാളി യുദ്ധഭൂമിയിൽ ശത്രുപക്ഷക്കാരനാണെങ്കിലും സത്യവിശ്വാസത്തിൽ സ്വപക്ഷക്കാരൻതന്നെയെന്നു മനസ്സിലായി. അയാളുടെ സ്ഥിതി തന്നേക്കാൾ അപകടകരമാണെന്നു തോന്നിയിട്ട് കഴുത്തിൽ ധരിച്ചിരുന്ന കുരിശുരൂപം ഊരി എടുത്തു ഫ്രാങ്കു ആ ജർമ്മൻ ഭടനു കൊടുത്തു. അന്നുതന്നെ രണ്ടുപേരും വെവ്വേറെ ആശുപത്രികളിലേക്കു മാറ്റപ്പെട്ടു. പലേ മാസങ്ങളോളം അതി കഠിനമായ വേദന അനുഭവിച്ചതിന്റെ ശേഷമാണ് ഫ്രാങ്കു സുഖപ്പെട്ടെഴുന്നേറ്റതു്. അപ്പോഴേക്കു യുദ്ധം അവസാനിച്ചിരുന്നു. ടോമിനെക്കുറിച്ചു യാതൊന്നും അറിവാൻ സാധിച്ചില്ല. അയാൾ ഓർമ്മക്കായി കൊടുത്ത കുരിശുരൂപം നഷ്ടപ്പെട്ടതു കൊണ്ടും ഫ്രാങ്കിനു കുണ്ഠിതമുണ്ടായി. ആ ജർമ്മൻ യുവാവിന്റെ മുഖത്തു പ്രകാശിച്ചിരുന്ന സ്വർഗ്ഗീയശോഭ അയാൾക്കു വിസ്മരിക്കാൻ കഴിഞ്ഞില്ല. അയാൾ മരിച്ചിരിക്കുമെന്നുതന്നെ ഫ്രാങ്കു വിശ്വസിച്ചു. തന്റെ കുരിശുരൂപം അയാൾക്കു വളരെ സഹായമായിത്തീർന്നുകാണുമെന്നുള്ള വിചാരം ഫ്രാങ്കിനു വളരെ ആശ്വാസം നൽകി. സൈന്യത്തിൽനിന്നു വിടുത്തപ്പെട്ടപ്പോൾ അയാൾ സ്വദേശമായ അമ്മേരിക്കയിലേക്കു തിരിച്ചു. കൊല്ലങ്ങൾ ഏഴെട്ടു വേഗത്തിൽ കഴിഞ്ഞു. ഇതിനിടക്കു ടോമിനെ പലപ്രാവശ്യം അയാൾ ഓർത്തിട്ടുണ്ട്. അപ്പോഴൊക്കെ മരിക്കാറായി കിടന്നിരുന്ന ആ ജർമ്മൻ ഭടന്റെ മധുരമുള്ള പുഞ്ചിരി അയാളുടെ മനസ്സിൽ ഉദിക്കാതിരുന്നിട്ടില്ല.

ഫ്രാങ്കിന്റെ രണ്ടാമത്തെ യൂറോപ്പുയാത്ര വെറും വിനോദത്തിനു വേണ്ടി മാത്രമായിരുന്നു. മഹായുദ്ധകാലത്തു ആകമാനം ഇളകി മറിഞ്ഞിരുന്ന യൂറോപ്പു ഇപ്പോൾ പ്രശാന്തമായി സ്ഥിതിചെയ്തിരുന്നു. പല സ്ഥലങ്ങളും അയാൾ സന്ദർശിച്ചു ഒടുവിൽ മടങ്ങേണ്ട സമയമായി. ലിവർപൂൾ തുറമുഖത്തുനിന്നു അമ്മേരിക്കയിലേക്കു പുറപ്പെടുന്ന ഒരു

കപ്പലിൽ മടക്കം യാത്രകഴിക്കാമെന്നുദ്ദേശിച്ചു അയാൾ അവിടെചെന്നു. പട്ടണം മുഴുവൻ നടന്നു കണ്ടതിൻറെശേഷം ഒടുവിൽ തുറമുഖത്തിനടുത്തുണ്ടായിരുന്ന ഒരു ദേവാലയത്തിൽ പ്രവേശിച്ചു. നേരം ഏകദേശം അഞ്ചുമണിയായിരുന്നു. പള്ളിയകത്തു ഒരു മാന്യൻ ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഫ്റാങ്കും അവിടെ മുട്ടുകുത്തി പ്രാർത്ഥിച്ചു. ആ സമയം അയാൾ തൻറെ സ്നേഹിതനായ ടോമിനെ സ്മരിക്കുകയും അയാൾക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. കപ്പൽ പുറപ്പെടാറായി എന്നറിയിക്കുന്ന മണിനാദംകേട്ടു രണ്ടുപേരും പുറത്തുവന്നു. പരസ്പരം മനസ്സിലായപ്പോൾ അവർക്കുണ്ടായ സന്തോഷത്തിനു അതിരില്ലായിരുന്നു. മറേറ ആൾ ഫ്റാങ്കിൻറെ ആപ്തമിത്രമായ ടോമല്ലാതെ മററാരുമായിരുന്നില്ല. ആ കപ്പലിൽതന്നെ അമ്മേരിക്കയിലേക്കു പുറപ്പെടാനായി അയാളും അവിടെ വരികയായിരുന്നു. രണ്ടുപേരും കപ്പലിൽ കയറി തമ്മിൽ പിരിഞ്ഞതിൽ പിന്നീടുള്ള അവരുടെ ചരിത്രം പരസ്പരം അറിയിച്ചു. ആ കൂട്ടത്തിൽ കുരിശുരൂപം നഷ്ടപ്പെട്ടകാര്യവും ഫ്റാങ്കു സ്നേഹിതനോടു പറകയുണ്ടായി. "എൻറെ അമ്മ എനിക്കു സമ്മാനിച്ചതായതുകൊണ്ടു ഞാൻ അതിനെ വളരെ വിലമതിച്ചിരുന്നു. എന്തായാലും മരിക്കാറായിരുന്ന ആ ജമ്മൻ യുവാവിനു അതു ആശ്വാസകാരണമായിത്തീർന്നതിനാൽ എനിക്കു സന്തോഷമേയുള്ളൂ" എന്നു ടോം പറഞ്ഞു. ഉറങ്ങേണ്ട സമയമായതിനാൽ അവർ തല്ക്കാലത്തേക്കു പിരിഞ്ഞു. കപ്പൽ വിട്ടുകഴിഞ്ഞിട്ടു മണിക്കൂറുകൾ രണ്ടുമൂന്നായി. ഫ്റാങ്കു ശാന്തനിദ്രയിൽ ലയിച്ചിരിക്കുന്നു. പെട്ടെന്നു മുറിയുടെ വാതലിൽ ആരോ മുട്ടിയ ശബ്ദം അയാളെ ഉണർത്തി. വാതിൽ തുറന്നപ്പോൾ "മിസ്റർ ടോം കണ്ണീർ അപകടകരമായ സുഖക്കേടിൽ പെട്ടിരിക്കുന്നു. നിങ്ങളെ ഉടനെ കാണണമെന്നു ആവശ്യപ്പെട്ടു" എന്നു ഒരു കപ്പൽക്കാരൻ പറഞ്ഞു. ടോം ഒരു ഹൃദ്രോഗക്കാരനാണെന്നു ഫ്റാങ്കിനു മുമ്പേതന്നെ അറിയാമായിരുന്നു. മുറിയിൽ ചെന്നപ്പോൾ കപ്പലിലെ ഡോക്ടർ അവിടെ ഉണ്ടായിരുന്നു. "ഇദ്ദേഹത്തിൻറെ ഹൃദയം വളരെ മോശമായിരിക്കുന്നു. ഒരു മണിക്കൂറിലധികം ജീവിക്കുമെന്നു തോന്നുന്നില്ല" എന്നു ഡോക്ടർ പറഞ്ഞപ്പോൾ ഫ്റാങ്കിനുണ്ടായ സങ്കടം എന്തുപറയട്ടെ. അടുത്തുവന്നിരിക്കാൻ ടോം ആംഗ്യം കാണിച്ചതനുസരിച്ചു ഫ്റാങ്കു അടുത്തുചെന്നിരുന്നു. ക്ഷീണസ്വരത്തിൽ അയാൾ പറഞ്ഞു. "ദൈവത്തിൻറെ പരിപാലന എത്ര അത്ഭുതകരമായി

ദുഷ്ടനായി ജീവിച്ചാൽ ദുർമ്മരണം പ്രാപിക്കേണ്ടിവരും.

രിക്കുന്നു. ഇതാ ഇവിടെ ഞാൻ ഏകനായി മരണകരമായ സൂഖക്കേടിൽ അകപ്പെട്ടപ്പോൾ ആ നല്ലദൈവം താങ്കളെ എനിക്കു തുണയായി അയച്ചു തന്നിരിക്കുന്നു. ഇനി അധികനേരം ഞാൻ ജീവിക്കുമെന്നു തോന്നുന്നില്ല. കപ്പലിൽ കത്തോലിക്ക പട്ടക്കാർ വല്ലവരും ഉണ്ടോ എന്നു ദയവായി അന്വേഷിച്ചുകൊണ്ടുവരണം." യാത്രക്കാരുടെ പേരുവിവരം അച്ചടിപ്പിച്ചിട്ടുള്ള ലിസ്റ്റു നോക്കിയിട്ട് ഭണ്ഡാരശയനായി ഫ്റാങ്കു മടങ്ങിവന്നു സ്നേഹിതനോടു് "പട്ടക്കാരാരുംതന്നെ കപ്പലിൽ ഇല്ലാ. ഈ അവസരത്തിൽ എന്താണു ചെയ്യേണ്ടതെന്നു താങ്കൾക്കറിയാമല്ലൊ." എന്നറിയിച്ചു. "എനിക്കറിയാം. ഞാൻ ഉത്തമമനസ്താപപ്രകരണം ചൊല്ലി. പക്ഷെ തിരുഹൃദയ വാഴ്ത്താനം എന്നെ സംബന്ധിച്ചിടത്തോളം വിഫലമാകുമോ എന്നു ഭയപ്പെടുന്നു. ഒമ്പതു മാസാദ്യ വെള്ളിയാഴ്ചകളിൽ അടുപ്പിച്ചു വി. കുമ്പാനകൈക്കൊള്ളുന്നവർ അന്ത്യക്ലേശകാലം സഹീകരിക്കാതെ മരിക്കുകയില്ലെന്നു നമ്മുടെ ദിവ്യരക്ഷകൻ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലൊ. ഞാൻ ഒമ്പതു വെള്ളിയാഴ്ചമാത്രമല്ല കഴിച്ചിട്ടുള്ളതു്; ഇതുവരെ ആ ഭക്തകൃത്യം മുടക്കിയിട്ടില്ല. വൈദികസഹായം കൂടാതെ മരിക്കുന്നതെന്നാണൊ ദൈവതിരുമനസ്സു്. എന്തായാലും ആ തിരുമനസ്സിനു ഞാൻ കീഴ്പ്പെടുന്നു." എന്നു ടോം ഉത്തരം ചൊല്ലി. ഫ്റാങ്കു സ്നേഹിതന്റെ സമീപത്തു മുട്ടുകുത്തി കൊന്തനമസ്കാരം പതുക്കെ ചൊല്ലാൻ തുടങ്ങി. "ശുദ്ധ: മറിയമെ, തമ്പുരാന്റെ അമ്മെ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും തമ്പുരാനോടു് അപേക്ഷിച്ചുകൊള്ളുണമെ" എന്നു ടോം മന്ദമായ സ്വരത്തിൽ ചൊല്ലുന്നതു കേട്ടപ്പോൾ പണ്ടു് യുദ്ധഭൂമിയിൽ മരണാസന്നനായി കിടന്ന ആ ജർമ്മൻ യുവാവിന്റെ ഓർമ്മ ഫ്റാങ്കിനുണ്ടായി. അതോടെ ആ യുവാവിന്റെ പ്രശാന്തഭാവവും മുഖത്തെ സ്വർഗ്ഗീയപുഞ്ചിരിയും താൻ കുരിശുരൂപം അയാൾക്കുകൊടുത്തതും എല്ലാം അയാളുടെ മനസ്സിൽ ഉദിച്ചു. ദൈവസന്നിധിയിൽ ആനന്ദിക്കുന്നുവെന്നു ഫ്റാങ്കു വിശ്വസിച്ചിരിക്കുന്ന ആ പുണ്യയുവാവിനോടു് മരണ സമയത്തു അയാൾക്കു ആശ്വാസംനൽകിയ ആ കുരിശുരൂപത്തിന്റെ ഉടമസ്ഥനായ ടോമിനെ ഈ പതനത്തിൽ വിസ്മരിച്ചുകളയരുതെ എന്നു ഹൃദയപൂർവ്വം അപേക്ഷിക്കുകകൂടി ചെയ്തു. ടോമിനു ക്ഷീണം വർദ്ധിച്ചുതുടങ്ങി. മരണം സമീപിച്ചുവെന്നു എല്ലാവർക്കും ബോദ്ധ്യമായി. ഈ സമയം വാതിൽതുറന്നു ഒരു കപ്പൽക്കാരൻ ഒരു യുവവൈദികനുമായി അവിടെ പ്രവേശിച്ചു് "ഇദ്ദേഹം ഒരു ഫ്റാൻസിസ്ക്കൻ സന്ന്യാസിയാകുന്നു. കപ്പൽ വിട്ട

ന്നതിനു് അല്പസമയം മുമ്പു മാത്രം വന്നതിനാൽ ഇദ്ദേഹത്തിന്റെ പേർ അച്ചടിച്ച ലിസ്റ്റിൽ ചേക്കാൻ ഇടയായില്ല.” എന്നു അറിയിച്ചു. “ദൈവത്തിനു സ്തുതിയായിരിക്കട്ടെ!”. പട്ടക്കാരൻ ഉടൻതന്നെ ടോമിനെ കുമ്പസാരിപ്പിക്കയും അന്ത്യലേപനം ചെയ്കയും മാപ്പാപ്പാക്കൊടുത്ത വാഴ കൊടുക്കയും ചെയ്തു. വൈദികന്റെ ശാന്തവും പ്രസന്നവുമായ മുഖം ഫ്രാങ്കിന്റെ മനസ്സിൽ ഏതോ ഒരു പൂർവ്വസ്മരണ ഉളവാക്കി. “ഇദ്ദേഹത്തിന്റെ മുഖഛായയിൽ ആരേയൊ കണ്ടിട്ടുള്ളപോലൊ തോന്നുന്നു. ഒരു ഫ്രാൻസിസ്ക്കൻ സന്ന്യാസിയെന്നല്ലെ കപ്പൽക്കാരൻ പറഞ്ഞതു്. തിരുസഭക്കു വളരെ ഗുണങ്ങൾ ചെയ്തിട്ടുള്ള ഒരു സഭയാണതു്. വിശുദ്ധ ഫ്രാൻസിസു് എന്തു മഹാ പുണ്യവാനായിരുന്നു.....” ഇങ്ങിനെയുണ്ടായ അയാളുടെ ചിന്താഗതിക്കു ഭംഗം വന്നതു് പട്ടക്കാരൻ തന്റെ കഴുത്തിൽനിന്നും ഒരു കുരിശുരൂപം എടുത്തു് “ഇതു കൈയിൽ പിടിച്ചുകൊള്ളുക” എന്നു പറഞ്ഞുകൊണ്ടു് രോഗിക്കു കൊടുത്തപ്പോളാണു്. കുരിശുരൂപം കണ്ടമാത്രയിൽ ഫ്രാങ്കിനു വലിയ അത്ഭുതമുണ്ടായി. അതു കയ്യിൽ വാങ്ങിയ ക്ഷണത്തിൽ “ഇതു എന്റെ കുരിശുരൂപമാണല്ലൊ. അങ്ങേക്കു എങ്ങിനെയാണിതു കിട്ടിയതു്.” എന്നു ടോം ചോദിച്ചു. അപ്പോൾ ആ വൈദികൻ താഴെ വരും പ്രകാരം തന്റെ ചരിത്രം പറഞ്ഞുതുടങ്ങി. “എനിക്കു ഏറ്റവും പ്രിയപ്പെട്ട ഒരു സാധനമാണിതു്. ഞാൻ ഒരു ജർമ്മൻ ഭടനായിരുന്നു. യുദ്ധകാലത്തു വലിയ ഒരു മുറിവേറ്റു കിടക്കുമ്പോൾ എന്നെപ്പോലെതന്നെ മുറിപ്പെട്ട ഒരു അനുകമ്പയുള്ള അമ്മേരിക്കൻ പടയാളി എന്റെ അവസാനനാഴികയിൽ എനിക്കു ആശ്വാസത്തിനായി തന്നതാകുന്നു ഈ കുരിശുരൂപം. ഈ രൂപം മുഖാന്തിരമാണു് ഞാൻ ഇന്നു ഈ സ്ഥിതിയിൽ എത്തിയിരിക്കുന്നതു്. ഞാൻ രക്ഷപ്രാപിക്കുന്നപക്ഷം ദൈവശുശ്രൂഷയ്ക്കു എന്നെതന്നെ സമർപ്പിച്ചുകൊള്ളാമെന്നു് നേർച്ചനേരുന്നതിനു് എന്നെ പ്രേരിപ്പിച്ചതും ഈ കുരിശുരൂപമല്ലാതെ മറെറാന്നുമല്ല. എനിക്കു ഇതുതന്നെ നല്ല ഭടനെപ്പറ്റി ഒന്നും അറിവാൻ ഇടയാകാഞ്ഞതിനാൽ ഞാൻ ഇതു ഭദ്രമായി സൂക്ഷിച്ചുവരികയാണു്. അയാളുടെ ദയാപൂർവ്വമായ ആ ഉപവി പ്രവൃത്തിയില്ലായിരുന്നെങ്കിൽ എന്നെ ഇതുപോലെ ദൈവത്തിന്റെ ഒരു പട്ടക്കാരനായി നിങ്ങൾക്കു കാണുവാൻ സാധിക്കുകയില്ലായിരുന്നു.”

ഇതുയും കേട്ടപ്പോൾ ഫ്രാങ്കിന്റെ കണ്ണുകൾ നിറഞ്ഞു. അയാൾ ആ വൈദികന്റെ തോളിൽ പിടിച്ചുകൊണ്ടു് “പ്രിയ അച്ചാ,

അങ്ങനെ പറയുന്ന ആ അമ്മേരിക്കൻ ഭടൻ ഞാൻ തന്നെയാകുന്നു. മരണാസന്നനായി കിടക്കുന്ന ഈ എന്റെ സ്നേഹിതന്റെ കുരിശുരൂപമാണിതു്. ഇപ്പോൾ അന്ത്യസമയത്തു അയാളെ ആശ്വസിപ്പിയ്ക്കാനായി അതു തിരിച്ചു വന്നിരിക്കുന്നു. എന്നാൽ തനിച്ചല്ലാ; ദൈവത്തിന്റെ ഒരു പട്ടക്കാരനേയും കൊണ്ടാണു തിരിച്ചു വന്നിരിക്കുന്നതു്." എന്നു പറഞ്ഞു.

ടോം കുരിശുരൂപം നെഞ്ചിൽ ചേർത്തു മുറുകിപ്പിടിച്ചിരിക്കുന്നു. അയാളുടെ കണ്ണുകൾ അടഞ്ഞിരിക്കുന്നു. അന്ത്യകാല പ്രാർത്ഥനയുടെ ഉത്തരം അയാൾ വ്യക്തമായും നേരിയ സ്വരത്തിലും മാത്രം ഉച്ചരിക്കുന്നു. നിമിഷങ്ങൾ ഒന്നൊന്നായി കഴിയുന്നു. കപ്പലിലെ മണി അർദ്ധരാത്രിയായെന്നറിയിക്കുന്നു. ടോമിന്റെ മുഖത്തു ഒരു ദിവ്യശാന്തത പ്രത്യക്ഷപ്പെടുന്നു. സ്പഷ്ടീകൃതമായ ഒരു പുഞ്ചിരി അവിടെ കളിയാടുന്നു. പെട്ടെന്നു കുരിശുരൂപത്തെ ഒന്നുകൂടി മുറുക്കി അശ്ലേഷിക്കുന്നു. അതോടെ അയാൾ തന്റെ സ്രഷ്ടാവിന്റെ സന്നിധിയിൽ പ്രവേശിച്ചു കഴിഞ്ഞു. ഇപ്രകാരം ഈശോയുടെ ദിവ്യഹൃദയം തന്റെ പന്ത്രണ്ടാമത്തെ വാഗ്ദത്തം നിറവേറ്റി.



അൽബേനിയായിലെ മലംപ്രദേശങ്ങളിലുള്ള പിടിതരാത്ത കത്തോലിക്കർക്കു പലവിധത്തിലുള്ള സഹായ പ്രവൃത്തികൾ ചെയ്യുന്നതിനായി "പ്ലൈയിംഗ് മിഷൻ" എന്ന നാമത്തിൽ അറിയപ്പെടുന്ന സൂൻ ജെസ്വിറ്റ് വൈദികന്മാർ ആ സ്ഥലങ്ങളിൽ സഞ്ചരിച്ചു പ്രവൃത്തി ചെയ്യുന്നുണ്ടു്.

* * * *

ഇത്താല്യൻ കിരീടാവകാശിയായ ഹംബർട്ട രാജകുമാരൻ തന്റെ സാമന്തദേശങ്ങൾ കാണാൻപോകുന്നയവസരത്തിൽ ട്യൂറിനിലുള്ള 'കൺസൊളാത്താ' ദേവാലയത്തെ സന്ദർശിച്ചിരിക്കുന്നു. ഇത്താല്യൻ സോമാലിലാൻഡിലെ ഒരു പുരിയ ഭരാസനപ്പള്ളിയുടെ ഉൽഘാടനത്തിലും അവിടത്തെ പുതിയ വികാരി അപ്പസ്തോലിക്കയുടെ മെത്രാൻ പട്ടാഭിഷേകത്തിലും സംബന്ധിക്കുന്നതിന്നായിട്ടാണു് അദ്ദേഹം പോയതു്. വിശുദ്ധവാരം മുഴുവൻ അദ്ദേഹം യെരൂശലേമിലെ പുണ്യസ്ഥലങ്ങളിൽ കഴിച്ചുകൂട്ടുന്നതാണു്.

വിശുദ്ധ യൗസേഫ് സ്തവം.

(ശ്രീമാൻ ജോസഫ് ജി. പള്ളിപ്പാടൻ, ഇടപ്പള്ളി.)

രാഗം ഹിന്ദുസ്ഥാൻ തോടി. താളംആ ദി.

"രാജഹിശ്ശാസലാലാ" എ. മ.

പല്ലവി.

സാരസമുഖ! മഹിത! - സുഭഗവര! - താത! -
സുഭഗവര! ..... (സാരസ.)

അനുപല്ലവി.

യൗസേപ്പു ധന്യ - വ്രജാധികഗണ്യ! (സാരസ.)

(തോഹര.)

മൂലോകരാണി മേരി തൻ - വിമല ഭർത്താവാകുവാൻ,-
ഭാഗധേയമുദിച്ചു, വാനിൽ-
മഹനീയമായ് ലാലസിക്കും മഹാത്മാ വീരാ! -
വീര!..... വീര!..... വീര!

ചരണം (ഏടുപ്പു)

കെല്പൊട്ടു രക്ഷകനെപ്പരിതുഷ്ട്യാ,-
കാത്തു വളർത്തിയ ഭക്തവിശിഷ്ട!
സദയം തുണച്ചീടേണേ-
സാധുമാം പുണ്യമണേ! (സാരസ.)

മഹായുദ്ധകാലത്തു റെയിംസിലെ ഇത്താല്യൻ പടയാളികൾക്കു ആദ്ധ്യാത്മികവും ഭൗതികവുമായ പല സഹായങ്ങളും ചെയ്ത കർദിനാൾ ലൂസൺ അവർകൾക്കു ആ സ്ഥലത്തെ ഇത്താല്യൻ രാജപ്രതിനിധി രാജാവിന്റെ നാമത്തിൽ ഒരു വലിയ ബഹുമതി നൽകിയിരിക്കുന്നു.

ചങ്ങനാശ്ശേരി മെത്രാൻച്ചൻ തിരുമനസ്സിലെ

അനുഗ്രഹം.

ഫാ. ഫാദർ ജോസ്സ് ടി. ഒ. സി. ഡി. അവർകൾക്ക്

പത്രാധിപർ "ചെറുപുഷ്പം" എറണാകുളം.

ചങ്ങനാശ്ശേരിയുടെ പുതിയ മെത്രാനെന്ന നിലയിൽ നിങ്ങളുടെ ഉൽകൃഷ്ട ചിരുപത്രഗ്രന്ഥമായ "ചെറുപുഷ്പ"ത്തിനു് ഈ പുതുവത്സരപ്പിറപ്പോടുകൂടി, എന്റെ പ്രഥമമായ ഒരനുഗ്രഹം നൽകുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു. ചെറുപുഷ്പ"ത്തിന്റെ സുമധുരവും പരിശുദ്ധവുമായ പരിമളം ഇപ്പോൾ ലോകമാസകലം അനുഭവപ്പെട്ടിരിക്കുന്നുവെന്നുള്ളതു് തീച്ചയാണു്. സ്വർഗ്ഗീയ സൗരഭ്യത്താൽ പരിപൂർണ്ണമാക്കേണ്ടതിനുവേണ്ടി നിങ്ങളുടെ സുന്ദരമായ മാസിക ഓരോ ഭവനത്തിലും എത്തുന്നപക്ഷം കേരളം ഈ ഭാഗ്യത്തിൽനിന്നു ഒഴിവാക്കപ്പെടുകയില്ല. ചെറുപുഷ്പം തന്റെ വായക്കാക്കായി നൽകുന്ന വിശേഷവിധങ്ങളായ അനുഗ്രഹങ്ങൾ എനിക്കും നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി "ചെറുപുഷ്പം" മാസിക മുടക്കം കൂടാതെ എനിക്കു അയച്ചുതരാൻ ദയവുണ്ടാകണം.

നിങ്ങളെ നിഷ്കളങ്കം അനുഗ്രഹിച്ചുകൊണ്ടു ക്രിസ്തുവിൽ നിങ്ങളുടെ സുഹൃൽ

ജെയിംസ് ജെ. കാളാശ്ശേരി,

ചങ്ങനാശ്ശേരി മെത്രാൻ.

മെത്രാസനമന്ദിരം,
1—1—'28.

ചെറുപുഷ്പപരംഗം.

(പുഷ്പദാസ്.)

ആഫ്റീക്കായിൽ ഗാല്ലിപ്പോളി എന്ന സ്ഥലത്തു കർമ്മലീത്താകന്യാസ്ത്രീകളുടെ ഒരു മഠമുണ്ട്. ഫൻഫാനാമാണ്ടു ജനുവരിമാസത്തിൽ പ്രസ്തുത മഠംകാക്കു ധനസംബന്ധമായി വലിയ വിഷമത നേരിട്ടു. നിത്യവൃത്തിക്കു യാതൊരു മാർഗ്ഗവുമില്ലെന്ന മട്ടായി. ഭക്തരായ കന്യാസ്ത്രീകൾ ദൈവത്തിൽ ശരണം വച്ചുകൊണ്ടു തങ്ങളുടെ കഷ്ടതകളെ ശാന്തമായി സഹിച്ചിരുന്നു. ആയിട വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവചരിത്രം കന്യാസ്ത്രീകളിൽ ചിലർ വായിച്ചു. ഉടനെ പുണ്യവതിയുടെ മദ്ധ്യസ്ഥത്തെ പ്രത്യേകമായി പ്രാർത്ഥിച്ചുകൊണ്ടു അവർ ഒരു ത്രിദിനജപം ആരംഭിച്ചു.

ജനുവരിമാസം ഫന്ത-ാം തീയതി ത്രിദിനജപം അവസാനിക്കുമായിരുന്നു. ഫദി-ാം തീയതി രാത്രിയിൽ മഠത്തിന്റെ ശ്രേഷ്ഠത്തിയായ കർമ്മലാമ്മ ഉറങ്ങിക്കിടന്നപ്പോൾ പരിചയമില്ലാത്ത ഒരു കന്യാസ്ത്രീ വന്നു അവരെ വിളിച്ചുണർത്തി. പ്രസ്തുത കന്യാസ്ത്രീയുടെ കയ്യിൽ സ്വർഗ്ഗ. യുടെ നോട്ടുകൾ ഉണ്ടായിരുന്നു. കർമ്മലാമ്മയും ഈ കന്യകയും തമ്മിൽ സംസാരിച്ചുകൊണ്ടു കുറെ ദൂരം നടന്നു് മഠത്തിന്റെ നിക്ഷേപമുറിയിൽ ചെന്നെത്തി. ആഗതയായ കന്യകയുടെ ആജ്ഞ അനുസരിച്ചു കർമ്മലാമ്മ അതിലുണ്ടായിരുന്ന ചെറിയ ഇരിമ്പുപെട്ടി തുറന്നു. അതിൽ വീട്ടിലുണ്ട കടങ്ങളുടെ കണക്കുകളും ബില്ലുകളും മാത്രമേ ഉണ്ടായിരുന്നു. അപരിചിതയായ കന്യാസ്ത്രീ തന്റെ കൈവശം ഉണ്ടായിരുന്ന ബാങ്കു നോട്ടുകൾ അതിൽ വച്ചു. കർമ്മലാമ്മ ഇതു കണ്ടു അത്ഭുതപ്പെട്ടു വിശുദ്ധ വല്യത്രേസ്യാമ്മയാണു തന്നെ സന്ദർശിച്ചിരിക്കുന്നതു എന്നു കരുതി "അമ്മെ" എന്നു വിളിച്ചു. ഇതിനു എതിരെയും ആഡംബരമായ സ്വരത്തിൽ ആ സന്ദർശിസഹോദരി "ഞാൻ നമ്മുടെ അമ്മയല്ല, ദൈവത്തിന്റെ ദാസിയായ ലിസോയിലെ ത്രേസ്യായാണു" എന്നു മറുപടി പറഞ്ഞു.

അനന്തരം ആ കാഴ്ച സാവകാശത്തിൽ പിൻവലിയുവാൻ തുടങ്ങി. അപ്പോൾ ബ. കർമ്മലാമ്മ സന്തോഷത്താലും അത്ഭുതത്താലും മതിമറന്നു, മേല്പോട്ടു പൊങ്ങിപ്പോയിരുന്ന ചെറുപുഷ്പത്തോടു "സഹോദരി

അല്പം നില്ക്കുണേ, വഴിതെറ്റിപ്പോയെന്നു തോന്നുന്നു," എന്നു പറഞ്ഞു. കൊച്ചുതേസ്യാമ്മ ഇതുകേട്ടു പുഞ്ചിരിതൂകികൊണ്ടു പറഞ്ഞു:— "ഇല്ല, എനിക്കു വഴി തെറ്റിയിട്ടില്ല; എന്റെ മാർഗ്ഗം ശരിയായതാണ്". My way is a sure one and I am not mistaken in following it.



വി. ലോഞ്ചീനോസും കൂട്ടരും.

———:o:———

(ഈ കഥ ഫാദർ പോർട്ടാ എന്ന ഒരു ഇത്താല്യൻ ജെസ്വിറ്റ് മിഷ്യനറി എഴുതി അയച്ചുതന്നിട്ടുള്ളതാകുന്നു. ഇദ്ദേഹം ഇപ്പോൾ ഷൊർണ്ണൂരിൽ മിഷ്യൻ വേല ചെയ്യുന്നുണ്ട്)

നമ്മുടെ കർത്താവു് കുരിശിന്മേൽ മരിച്ചപ്പോൾ അടുത്തുനിന്നിരുന്ന പട്ടാളക്കാരിലൊരുത്തൻ ഒരംശോ മരിച്ചോ എന്നു തിട്ടപ്പെടുത്തുവാൻ കർത്താവിന്റെ തിരുവിലാവു് ഒരു കുന്തത്താൽ കുത്തിത്തുറന്നു. ഈ പടയാളിയുടെ പേർ ലൊഞ്ചീനോസ് എന്നായിരുന്നു. അയാൾ ഒറ്റക്കണ്ണനായിരുന്നു. എന്നാൽ കുന്തംകൊണ്ടു തിരുവിലാവു കുത്തിയപ്പോൾ ചില തിരുച്ചോരത്തുള്ളികൾ പട്ടാളക്കാരന്റെ കണ്ണിൽ വീണതിനാൽ അയാൾക്കു പെട്ടെന്നു രണ്ടുകണ്ണും കാണാറായി. ഈ വലിയ അത്ഭുതത്താൽ, മറ്റുള്ളവർ പരിഹസിച്ചിരുന്ന ഒരംശോമ്ശിഹാ സത്യദൈവമാണെന്നു അയാൾ ഉറപ്പായി വിശ്വസിച്ചു. അതിനാൽ പിന്നെ തിരുശ്ശരീരം കല്ലറയിൽ അടക്കപ്പെട്ടപ്പോൾ അതിനെ സൂക്ഷിക്കുന്നതിനു മറ്റു പടയാളികളോടുകൂടെ ലൊഞ്ചീനോസിനേയും ജനപ്രമാണികൾ നിയമിച്ചു. ഒരംശോമ്ശിഹാ കവറിടത്തിൽനിന്നു ജീവിച്ചു പുറപ്പെട്ടുന്നതുകണ്ടു് ലൊഞ്ചീനോസ് സന്തോഷിക്കയും വിവരം യൂദപട്ടക്കാരേയും പ്രമാണികളേയും അറിയിക്കയും ചെയ്തു. അപ്പോൾ അവർ "രാത്രി സമയത്തു ഒരംശോയുടെ ശിഷ്യന്മാർവന്നു ശരീരം കവർന്നെടുത്തുകൊണ്ടുപോയി" എന്നു പറവാൻ ലൊഞ്ചീനോസിനു കൈക്കൂലികൊടുത്തു നിർബ്ബന്ധിച്ചു. എന്നാൽ നീതിമാനായ ആ പടയാളി കൈക്കൂലി നിഷേധിച്ചു ധൈര്യത്തോടെ പട്ടണത്തിൽ നടന്നു ഉയിർപ്പു് സംഭവം പ്രസംഗിച്ചു. കുറെക്കാലം കഴിഞ്ഞു ലൊഞ്ചീനോസ് സൈന്യവും പട്ടണവും വിട്ടു കപ്പദോച്ചിയാ എന്ന രാജ്യത്തിൽ എത്തി സൈപരവാസംചെയ്തു.

അവിടെവച്ചും കത്താവിന്റെ ഉയർപ്പിനെക്കുറിച്ചു എല്ലാവരോടും പ്രസംഗിക്കയും നല്ലവണ്ണം ജീവിക്കയും ചെയ്തു. ഇങ്ങിനെ സത്യവേദം പരത്തുവാൻ ശ്രമിച്ചുകൊണ്ടു പഠ കൊല്ലത്തോളം ജീവിക്കവെ ക്രിസ്ത്യാനികൾക്കു വിരോധമായി റോമാസമ്രാജ്യത്തിൽ വേദഞെരുക്കം തുടങ്ങി. ലൊഞ്ചീനോസ് ക്രിസ്ത്യാനിയാണെന്നു കേട്ടറിഞ്ഞു് കപ്പസോച്ചിയായിലെ ഭരണകർത്താവു അദ്ദേഹത്തെ പിടിച്ചുകൊണ്ടുവരുവാൻ ചില പടയാളികളെ പറഞ്ഞയച്ചു. പടയാളികൾ അയാളെ തിരഞ്ഞുപോകുന്ന വഴിയിൽവെച്ചു ഒരു കിഴവനെ കണ്ടുമുട്ടി. "നീ ലൊഞ്ചീനോസ് എന്ന ഒരുത്തനെ അറിയുമോ"? എന്നു അവനോടു ചോദിച്ചതിന്നു അവൻ "ഉവ്വ്, എന്നു ഉത്തരം പറഞ്ഞു". അവന്റെ താമസം എവിടെ? അവൻ പുതിയ മതമായ ക്രിസ്തുമതം അനുസരിച്ചതിനാൽ, അവനെ പിടിച്ചുകൊണ്ടു നാടുവാഴിയുടെ അടുക്കൽ ഏല്പിക്കുവാൻ നമ്മെ കല്പിച്ചയച്ചിരിക്കുന്നു" എന്നു പടയാളി പറഞ്ഞു. "അവൻ ഈ പട്ടണത്തിലാണു പാർക്കുന്നതു്: എന്നാൽ നേരം സന്ധ്യയായി; ആയതുകൊണ്ടു എന്റെ വീട്ടിൽവന്നു ആശ്വസിപ്പിൻ; ആവശ്യപ്പെടുന്ന സമയത്തു ഞാൻ നിങ്ങളുടെ കൈയിൽ അവനെ ഏല്പിച്ചുതരാം; ഭയപ്പെടേണ്ടാ!" എന്നു വയസ്സൻ പറഞ്ഞു. ദീക്ഷയാത്രയാൽ വളരെ തളർന്നിരുന്ന പടയാളികൾ ഈ ക്ഷണനത്തെ സന്തോഷവും കൃതജ്ഞതയും നിറഞ്ഞ ഹൃദയത്തോടുകൂടെ കൈക്കൊണ്ടു. ആ വയസ്സൻ അവരുടെ കാലുകഴുകി, രുചികരമായ ഭക്ഷണസാധനങ്ങളെ വിളമ്പികൊടുത്തും, മധുരമായ സംസാരങ്ങൾകൊണ്ടും അവരെ തൃപ്തിയാക്കി; അവർ മൂന്നുദിവസം ആ വീട്ടിൽ സന്തോഷിച്ചു പാർത്തു. മൂന്നാം ദിവസം വൈകുന്നേരം "നിന്നെ വിട്ടുപോകേണ്ടതിനാൽ ഞങ്ങൾക്കു വലിയ വ്യസനം! എന്നാൽ എന്തു ചെയ്യാം. ആ ലൊഞ്ചീനോസ് എന്ന തെമ്മാടിയെ ദേശാധിപതിയുടെ അടുക്കൽ കൂട്ടിക്കൊണ്ടുപോകണം; ആയതിനാൽ ദയവുചെയ്തു അവന്റെ വീടു ഒന്നു കാണിച്ചു തരണമെ" എന്നു അപേക്ഷിച്ചു. അപ്പോൾ ആ വയസ്സൻ; "ഇതാ, ഞാൻ ലൊഞ്ചീനോസ് തന്നെ; നിങ്ങളുടെകൂടെ വരുന്നതിന്നു തയ്യാറാണ്; എന്നാൽ അല്പം നില്ലു; എന്റെ വിശേഷമായ വസ്ത്രം ധരിക്കട്ടെ" എന്നു പറഞ്ഞു പുറത്തുപോയി. പട്ടാളക്കാർ ഈ വർത്തമാനം കേട്ടു ഇടിതട്ടിയ മരംപോലെ മരവിച്ചുനിന്നു; കുറെനേരം ചെന്നശേഷം ലൊഞ്ചീനോസ് വീണ്ടും വന്നപ്പോൾ അവരോടു "ഞാൻ എനിക്കുള്ള വസ്ത്രത്തിൽ ഏറ്റവും അഴകുള്ളതും വിലയേറിയതും ഇട്ടു വന്നിരിക്കുന്നു; കാരണം, ഒരുശേമ്ശിഹായുടെ സ്നേഹത്താൽ എന്റെ

ചോരയെ ചിന്തുവാൻപോകുന്ന ഈ ദിവസം എന്റെ ആയുഷ്കാലത്തിലെ എല്ലാദിവസത്തേയുംകാൾ ഏറ്റവും ഭാഗ്യപ്പെട്ട നാളാകുന്നു" എന്നു പറഞ്ഞു. എന്നാൽ പടയാളികൾ ഒരുശോമ്ശിഹാ എന്നു പേർ കേട്ട "ഒരുശോ ആരാണെന്നു" ചോദിച്ചു. കിഴവൻ: "ഒരുശോ സത്യദൈവമത്രെ; അദ്ദേഹം ദൈവതപംവിടാതെ എല്ലാമനുഷ്യരെയും രക്ഷിപ്പാൻ മനുഷ്യനായി പിറന്നു. പാടുപ്പെട്ട എല്ലാവരുടെയും പാപപരിഹാരത്തിന്നു കുരിശിന്മേൽതൂങ്ങി മരിക്കയുംചെയ്തു". പിന്നെ ഒരുശോമ്ശിഹായുടെ ഭംഗപ്പാടിനെ കുറിച്ചു് വിസ്താരമായി അയാൾ അവരോടു പറഞ്ഞു. ഈ പംഗപ്പാടിന്റെ ചരിത്രംകേട്ടു തിന്നുടനെ, ദൈവഇഷ്ടപ്രസാദത്താൽ അവരുടെ മനസ്സു ഇളകി തിരിഞ്ഞു: "നമുക്കുവേണ്ടി മരിച്ച ഒരുശോമ്ശിഹായെപ്രതി ഞങ്ങളും ഒരുശോയുടെ പിൻഗാമികളായി ചോര ചിന്തുവാനും മരിപ്പാനും വളരേ ആഗ്രഹിക്കുന്നു" എന്നു അവർ നിലവിളിച്ചു. അപ്പോൾ കിഴവനും പടയാളികളും നാടുവഴിയുടെ മുമ്പാകെ ഹാജരായി സത്യവേദത്തെപ്രതി രക്ത സാക്ഷികളായി ജീവനെ കൊടുക്കയും ചെയ്തു.

ഈ ഫെബ്രുവരി ഫ്രാന്സ- പരിശുദ്ധപിതാവു തിരുമനസ്സിലെ കിരീടധാരണത്തിന്റെ വാഷിംകോത്സവമായിരുന്നു. ഇംഗ്ലണ്ടു പ്രാൻസു മുതലായരാജ്യങ്ങളിൽ കർദ്ദിനാളന്മാർ മെത്രാപ്പോലീത്താമാർ മുതലായ വൈദിക ശ്രേഷ്ഠന്മാരും രാജപ്രതിനിധികൾ തുടങ്ങിയ പ്രമാണികളും ദേവാലയങ്ങളിൽ ആ സുദിനം പ്രമാണിച്ചു നടത്തിയ കർമ്മക്രമങ്ങളിൽ സംബന്ധിക്കയുണ്ടായി.

* * * *

ഇംഗ്ലണ്ടിൽ പണ്ടു വേദസാക്ഷികളായി മരിച്ച പല ആളുകളെ 'വാഴ്ത്തപ്പെട്ട'വർ എന്നു നാമകരണം ചെയ്യുന്നതിനുള്ള സംരംഭങ്ങൾക്കായി ഇക്കഴിഞ്ഞ വിഭൂതിത്തിരുനാൾ ദിവസം ഒരു സംഘം വിളിച്ചുകൂട്ടിയിരിക്കുന്നു.

* * * *

തൂത്തുക്കുടിയ്ക്കടുത്ത നാച്ചിയാപുരം എന്നസ്ഥലത്തുള്ള ഫാദർ അംഗങ്ങളോളം ഉൾപ്പെട്ട മുപ്പതു പ്രൊട്ടസ്റ്റൻകുടുംബങ്ങൾ കത്തോലിക്കാതിരുസ്സഭയിൽ ചേർന്നിരിയ്ക്കുന്നു.

ചെറുപുഷ്പ നൊവേന.

പതിവിൻപ്രകാരം തിരുശ്ശേഷിപ്പും എഴുന്നള്ളിച്ചുവച്ചുകൊണ്ടു മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ മാസംതോറും ൨൪-ാംനു ആരംഭിച്ചു ൩൦-ാംനു അവസാനിക്കത്തക്കവണ്ണം നടത്തപ്പെടുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ നവനാൾ ജപങ്ങളിൽ പങ്കുകൊള്ളേണമെന്നുള്ളവർ തങ്ങൾക്കു സാധിച്ചുകിട്ടേണമെന്നു ആഗ്രഹിക്കുന്ന സംഗതികൾ ഒരു അപേക്ഷയുടെ രൂപത്തിൽ എഴുതി ഇവിടെ അയച്ചുതരേണ്ടതാകുന്നു. വിദ്യാർത്ഥികളെ ഉദ്ദേശിച്ചു അവരുടെ പരീക്ഷാകാലത്തു പ്രത്യേക നൊവേനകൾ നടത്തുന്നതാണു്. പരീക്ഷയുടെ ദിവസങ്ങളിൽ കെടാവിളക്കു കത്തിക്കുവാൻ സൌകര്യമുണ്ടോ എന്നു ചിലർ എഴുതി ചോദിക്കുകയുണ്ടായി. വിദ്യാർത്ഥികൾ പരീക്ഷക്കു ഇരിക്കുമ്പോൾ ചെറുപുഷ്പത്തിന്റെ മാദ്ധ്യസ്ഥത്തിൽ അവർക്കുള്ള വിശ്വാസത്തിന്റെ ലക്ഷ്യമായി ഓരോ കെടാവിളക്കു പുണ്യവതിയുടെ പീഠത്തങ്കൽ കത്തിനിൽക്കുന്നതു വളരെ ചേർച്ചയായിട്ടുള്ളതാകുന്നു. അതിനാൽ വിദ്യാർത്ഥികളുടെ ആവശ്യമനുസരിച്ചു കെടാവിളക്കുകൾ നിത്തുവാൻ ഞങ്ങൾക്കു വളരെ സന്തോഷമാണു്. ഒരു ദിവസത്തെ കെടാവിളക്കിനു ൨ ണ. ൯ ദിവസത്തേക്കു ൨ ക. ൯ദിവസത്തിനു ൧ ക. ഈ നിരക്കനുസരിച്ചുള്ള സംഖ്യ അയച്ചുതരേണ്ടതാകുന്നു.

ഉപകാസ്മരണ.

അപേക്ഷ സാധിച്ചു കിട്ടിയതിനു കൃതജ്ഞതയായി ൨ ക. ഓലിക്കൽ അവുസേപ്പു അന്തോനീടു. ദീനം സുഖമായതിനു ഉപകാരസ്മരണ ൨ ക. കുരിയത്തടത്തിൽ മത്തു, ആരക്കുഴ. ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി ൧ ക. മുകടയിൽ വക്കിച്ചാക്കൊ, പാലാ. രുഗ്മിണി കുട്ടികളുടെ സുഖക്കേടിനായി ൨ ക. നേർച്ചനേർന്നു നൊവേന കഴിപ്പിച്ചു. സുഖക്കേടു ഭേദമായതനുസരിച്ചു ൨ ക. അയക്കുന്നു. കണ്ണമ്പള്ളി അവുസേപ്പു അന്തോനി, കമ്പടി. എന്റെ ഭാര്യയുടെ പ്രസവം ശുഭമായി കഴിഞ്ഞതിനു ഉപകാരസ്മരണ ൧ ക. ചി. എം. മത്തായി, ചേർത്തല. അനാഥപ്രേതങ്ങളെ കൊണ്ടു എന്റെ കാര്യസാദ്ധ്യത്തിനുവേണ്ടി അപേക്ഷിപ്പിക്കാനും എനിക്കു ചെയ്തു ഉപകാരങ്ങൾക്കു നന്ദിയായും ൫ ക. തോമസ് ജെ. പാലത്തുങ്കൽ, ക്രുനമ്മാവ്.

സംഭാവനകൾ.

൧ ക. കൈപ്പുഴ മഠത്തിന്റെ ബ. ശ്രേഷ്ഠത്തി അമ്മ. ൧ ക. മി. ഫ്രാൻസിസു മേസ്തിരി, മുക്കോട്ടുമുടി. ൧ ക. മി ജോസഫ് പീറർസൺ, കൊല്ലം. ൧ ക.

കടേപ്പറമ്പിൽ മി. മത്തീനോസു, മുണ്ടംവേലി. ൩ കം. മി. ടി. ജെ. ജോസഫ്, കൊല്ലം. ൪ കം. ഞാറയ്ക്കാട്ട അവുസേപ്പു ചാക്കു, കഴ്പ്പള്ളി.

പ്രത്യേകനൊവേനകർക്കു.

൧ കം. മി. എം. കെ. വഗ്ഗീസു, നെടുമുടി. ൨ കം. മണ്ടലി മല്ലാൻ കരുവിള അവർകൾ. ൩ കം. പെരുമ്പള്ളി മി. മത്തായി, കോതമംഗലം.

മാനേജർ, തിരുഹൃദയ അനാഥശാല.

മൂക്കന്നൂർ — അങ്കമാലി.

അഫ്ഗാണിസ്ഥാൻ രാജാവും വത്തിക്കാനും.

അഫ്ഗാണിസ്ഥാനിലെ മഹാരാജാവു ഇപ്പോൾ യൂറോപ്യൻ രാജ്യതലസ്ഥാനങ്ങളെയെല്ലാം സന്ദർശിച്ചു വരികയാണല്ലൊ. അദ്ദേഹം വത്തിക്കാൻ അരമനയിൽചെന്നു പരിശുദ്ധ പിതാവു തിരുമനസ്സിലെ സന്ദർശിച്ചിരിക്കുന്നു. ഈജിപ്തിലെ രാജാവു അടുത്തുതന്നെ പരിശുദ്ധ പിതാവു തിരുമേനിയെ സന്ദർശിക്കയുണ്ടായപ്പോൾ അദ്ദേഹത്തെ ഉദ്ദേശിച്ചു ചെയ്യപ്പെട്ടിരുന്ന ചട്ടംകെട്ടുകളെല്ലാം ഇദ്ദേഹം മാപ്പാപ്പായെ സന്ദർശിച്ചപ്പോഴും ഉപകാരപ്പെട്ടു. നടപ്പായയപ്പോൾ വത്തിക്കാനിലെ ജെൻഡാംസ് എന്ന കുട്ടർ കാഹളധ്വനികളാൽ രാജാവിന്റെ ആഗമനത്തെ അറിയിച്ചു. അംഗരക്ഷകർ അകമ്പടികൂടി. ചിലർ അഫ്ഗാൻ രാഷ്ട്രീയഗീതംപാടി. രാജാവിന്റെ വണ്ടിവന്നു നിന്നപ്പോൾ പ്രിൻസ് ഠസ്പോളി അദ്ദേഹത്തെ എതിരേറ്റു. രാജാവിന്റെകൂടെ പ്രിൻസ് മസീമോകൂടി ഉണ്ടായിരുന്നു. വത്തിക്കാൻ അരമനയിലെ വലിയ സ്ഥാനികരെയെല്ലാം രാജാവിനു പരിചയപ്പെടുത്തി. രാജാവും അവരിൽ ഓരോരുത്തക്കും ഹൃദയപൂർവ്വം കൈകൊടുത്തു. സിസ്ഗാർഡുകളുടെയും മറ്റും അകമ്പടിയോടുകൂടി രാജാവിനെ മോളിലേയ്ക്കു കൊണ്ടുപോയി. അദ്ദേഹത്തിന്റെ പൗരുഷപ്രധാനമായ രൂപം എല്ലാവരുടേയും ഉള്ളിൽ പതിഞ്ഞു. രാജാവു അനവധി ബഹുമതിബിരുദുകളാൽ അലങ്കരിക്കപ്പെട്ട നീല അങ്കിയാണ് ധരിച്ചിരുന്നതു്. കാലുറയും തലപ്പാവും ചെമന്നതായിരുന്നു. തോളിൽനിന്നു ചാരനിറത്തിലുള്ള

'ക്ലോക്ക്' എന്ന വസ്തുത്തിന്റെ പുറത്തുള്ള തൂങ്ങിക്കിടന്നു. വത്തിക്കാനിൽക്കൂടെ നടന്നു തന്നെ സ്വീകരിപ്പാൻ നിശ്ചയിച്ച സ്ഥലത്തേക്കു പോകുമ്പോൾ ആ അരമനയുടെ മാഹാത്മ്യത്തെക്കുറിച്ചു അദ്ദേഹം വിസ്മയിച്ചുപോയി. രാജാവു സന്ദർശനമുറിയിൽ എത്തിയപ്പോൾ പരിശുദ്ധ പിതാവു തന്റെ ലൈബ്രറിയിൽനിന്നു ഇറങ്ങിവന്നു. രാജാവു കുനിഞ്ഞു വന്ദിക്കയും മുന്നോട്ടുവന്നു പാപ്പായ്ക്കു കൈകൊടുക്കുകയും ചെയ്തു. അതിന്നുശേഷം മാപ്പാപ്പാ ഇരിക്കയും തന്റെ അടുത്തുതന്നെ രാജാവിനോടു ഇരിപ്പാൻ പറകയും ചെയ്തു. അവർ ഇരുവരും ഏറെ മിനിട്ടു നേരത്തേക്കു ഒരു ദ്വിഭാഷി മുഖേന സംഭാഷണം നടത്തി. അതിന്നുശേഷം രാജാവിനോടുകൂടെയുണ്ടായിരുന്ന പ്രധാനികളെയെല്ലാം മാപ്പാപ്പായ്ക്കു പരിചയപ്പെടുത്തി. അവസാനം കുനിഞ്ഞു വന്ദനം ചെയ്തശേഷം രാജാവു അവിടന്നു മടങ്ങുകയും പരിശുദ്ധ പിതാവിന്റെ സ്റ്റേറ്റു സെക്രട്ടരിയെ സന്ദർശിക്കയും ചെയ്തു. പരിശുദ്ധ പിതാവു വെള്ളിപ്പൂട്ടിയിട്ട ഒരു ഫോട്ടോവും "ഗോൾഡൻസ്റ്റർ" എന്ന ബഹുമതിയും രാജാവിന്നു നൽകി.

അഫ്ഗാനിസ്ഥാൻ രാജാവായ മനുള്ളാൻഖാൻ പതിനൊന്നാം പീയൂസ് മാപ്പാപ്പായെ സന്ദർശിച്ചതിൻ മുമ്പെ രാജ്യഭരണാധികാരിയാണു. അവിടന്നു പരിശുദ്ധ പിതാവായ ഉടൻ ബെൽജിയം രാജാവും പത്നിയും അവിടത്തെ സന്ദർശിച്ചു. ലിയോപോൾഡ് രാജകുമാരനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. രണ്ടാമതു അർജൻറീൻ റിപ്പബ്ലിക്കിന്റെ ഭരണാധികാരി അദ്ദേഹത്തെ സന്ദർശിച്ചു. അനന്തരം ഇംഗ്ലണ്ടിലെ രാജാവും രാജ്ഞിയും അവിടത്തെ സന്ദർശിച്ചു. സ്പെയിനിലെ വിക്ടോറിയാ മഹാ രാജ്ഞിയുടേയും അൽഫൻസൊ രാജാവിന്റേയും വത്തിക്കാൻ സന്ദർശനം വളരെ മോടിയായി നടന്ന ഒന്നാണ്. ആ രാജ്ഞി പരിശുദ്ധ പിതാവിന്റെ മുമ്പിൽ മുട്ടുകുത്തുകയും അവിടത്തെ പാദം ചുംബിക്കയും ചെയ്തു.

റോമായിൽ ദൈവശാസ്ത്രം പഠിച്ചിട്ടുള്ള സാൻഡോമിങ്കൊ ദേശക്കാരനായ ഒരു നീഗ്രോ ഒരു പുതിയ വേദപ്രചാര പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നു. യൂറോപ്പിൽ മുഴുവൻ സഞ്ചരിച്ചു തന്റെ സ്വന്ത ജാതിക്കാരെ മാനസാന്തരപ്പെടുത്തണമെന്നാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. ഇപ്പോൾ ഇദ്ദേഹം ആസ്ത്രിയായിൽ പ്രചാരവേല നടത്തുകയാണ്.

കന്യാവ്രതസംരക്ഷകൻ.

ജോസ്. എൽ. ശ. മാവുങ്കൽ.

("മല്ലായുധപ്പടയോൻ" - ദീനി)

1. സൂനൃകനാവ്രതത്തിൽ രക്ഷകനായ മഹാ
സിദ്ധായ്നാകും യൗസേപ്പേ! - പാഹിമാം
നീചശരീരത്തിൻമോഹ - പാപത്താൽ
നാശമണയാതെ സദാ.

2. കനാലങ്കാരമായ ക്കനാകാകാന്തനായ
സന്യാസിവയ്നേ! താത! - നിർമ്മല
കന്യാവ്രതമാംതുമധു - തൂകുന്ന
പുണ്യപ്രസൂനം നൽകണേ.

3. പഞ്ചേന്ദ്രിയങ്ങളുടെ വഞ്ചനയിൽപെടായ്വാൻ
നിൻചേവടി സഹായംമേ - മായമാം
ലൗകീയഭോഗങ്ങളിൽ ഞാൻ - പൂണ്ണുമാം
ത്യാഗമനുഷ്ഠിച്ചീടാനും.

4. കല്യാണദായകനേ! ചൊല്ലുവാനെന്നുള്ളത്തിൽ
നല്ലതായ്തെല്ലുമില്ലഹോ! - വല്ലഭാ!
ചാല്ലെഴുംനിൻവരമേകി - എൻമഹാ
മാലെല്ലാംനീക്കിടേണമേ.



ബെൽജിയത്തിൽ ഒരു കൃഷ്കന്റെ ഭാര്യ തന്റെ ഇരുപത്തിരണ്ടാമത്തെ കുട്ടിയെ പ്രസവിച്ചിരിക്കുന്നു. ഇതിനെ അനുമോദിച്ച് പലരും കൂടി വരിയിട്ട് അവർക്ക് ഒരു വീടുപണിയിച്ചു കൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനമിട്ടതു ബ്രുസൽസിലുള്ള മാപ്പുപ്പായുടെ പ്രതിനിധിയാണ്.

'എതയും ദയയുള്ള മാതാവെ'

(ശ്രീമാൻ സി. കെ. കുഞ്ഞൻ.)

ഇരുപത്തഞ്ചു കൊല്ലങ്ങൾക്കു മുമ്പ് ജസ്യൂട്ട സന്യാസവൈദികരാൽ നടത്തപ്പെട്ടുന്ന ഇൻഡ്യയിലെ ഒരു സർവ്വകലാശാലയിൽ പഠിക്കാൻ ഭാഗ്യം സിദ്ധിച്ചവനും ജാഫ്നായിലെ ഒരു മാന്യകത്തോലിക്കാ കുടുംബത്തിലെ അംഗവും ദേവമാതാവിന്റെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു ഭക്തസംഘത്തിലെ പ്രമാണിയുമായ ഒരുവൻ ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതിനായി കത്തോലിക്കാ വിശ്വാസത്തെ ഉപേക്ഷിച്ചു. അയാളുടെ പ്രിയപ്പെട്ട ബന്ധുക്കളും, ഗുരുശ്രേഷ്ഠന്മാരും അയാളെ കണ്ടുമുട്ടുന്ന അവസരങ്ങളിലൊക്കെ അയാളുടെ ഈ മതത്യാഗത്തിന്റെ ഭയങ്കരതയെപ്പറ്റി ഗുണദോഷിക്കയും സത്യവിശ്വാസത്തെ വീണ്ടും കൈക്കൊള്ളുവാൻ ഉൽബോധിപ്പിക്കുകയും ചെയ്തുപോന്നു. എന്നാൽ അതെല്ലാം കേവലം നിഷ്ഫലമായി എന്നു പറഞ്ഞാൽ കഴിഞ്ഞു. ഇതുമൂലം അയാളുടെ പിതാവിന്റെ മരണകാലത്ത്, ബന്ധുക്കൾ ശവസംസ്കാരകർമ്മങ്ങളിൽ അയാളെ സംബന്ധിപ്പിച്ചിട്ടുതേയില്ല. എന്നാൽ അവർ അപ്പോഴും, എന്നല്ല എപ്പോഴും, ഈ സാധുമനുഷ്യന്റെ മനസ്സുതിരിവിനായി ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഒരു ഹിന്ദുവായി തീരുന്നതുകൊണ്ട് ഉൽകൃഷ്ടമായ പല സ്ഥാനമാനങ്ങളും ഉദ്യോഗവും കിട്ടുമെന്നാണ് അയാൾ ആശിച്ചിരുന്നത്. എന്നാൽ അയാൾ ദയനീയമാംവണ്ണം നിരാശനായി തീരുകയാണുണ്ടായത്.

ഒടുവിൽ അയാൾ നിരാശയുടേയും മാനസികമായ അസ്വാസ്ഥ്യത്തിന്റെയും ഫലമായി രോഗശയ്യയെ പ്രാപിച്ചു. അയാളുടെ ആത്മാവു വിറളുണ്ടാക്കിക പുതിയ ബന്ധുത്വം ഈ അവസരത്തിൽ ഒട്ടുംതന്നെ ഉപയോഗപ്പെട്ടില്ല. ആരും അയാളെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ഈ ദുഃഖകരമായ ഘട്ടം വന്നപ്പോൾ അയാൾക്ക് തന്റെ ബന്ധുക്കളുടേയും, പ്രിയപ്പെട്ട വീടിന്റെയും ഓർമ്മയുണ്ടായി. താമസിയാതെ വീട്ടിൽ മടങ്ങിച്ചെന്ന് സഹോദരനെ അഭയം പ്രാപിച്ചു. അദ്ദേഹം അയാളെ സ്നേഹപൂർവ്വം സ്വീകരിക്കയും ചെയ്തു. ദീനം അത്യാസന്നമായ അവസരത്തിൽ അയാൾ തന്റെ പ്രവൃത്തികളെപ്പറ്റി പശ്ചാത്തപിക്കുകയും ദൈവത്തോടു മാപ്പുചോദിക്കുവാൻ മനസ്സുള്ളവനായി തീരുകയും ചെയ്തു. രണ്ടു വൈദികന്മാരുടെ ശുശ്രൂഷകൾ ലഭിക്കാൻ താമസി

യാതൊരു അയാൾക്ക് ഭംഗമുണ്ടായി. അപ്പോൾ മുതൽ ആനന്ദവും സമാധാനവും ഉള്ളവനായിതീർന്നു. അവിശ്വാസിനിയായ ഭാര്യയുടെ വേർപാടു ഉണ്ടായതോടുകൂടി അയാൾ ലൌകികബന്ധങ്ങളിൽ നിന്നു വിമുക്തനായി. പിന്നീടു് നിരന്തരം അത്യന്തം ഭക്തിയോടുകൂടി ഒരു മുഴുവൻ കുമ്പസാരം കഴിച്ചു തന്റെ പ്രാർത്ഥനയും മറവും ഉച്ചരിച്ചു തുടങ്ങി. "എത്രയും ദയയുള്ള മാതാവെ" എന്നു് അഗാധമായ ഭക്തിയോടും അചഞ്ചലമായ വിശ്വാസത്തോടുംകൂടി അയാൾ കീർത്തനം ചെയ്യുമ്പോൾ ആരുടേയും കണ്ണുകളിൽ ആനന്ദബാഷ്പം നിറയും. ഇങ്ങിനെ അയാൾ ദൈവത്തിന്റെ അളവറ്റ അനുഗ്രഹം കൈക്കൊണ്ടു് സമാധാനത്തിൽ ഇഹലോകം വെടിഞ്ഞു.

മരണത്തിനു അല്പം മുമ്പായി "ഇപ്പോൾ നീ സന്തോഷവാനായിരിക്കുന്നുവോ?" എന്നു സഹോദരൻ ചോദിച്ചതിനു, "ഞാൻ ഒരിക്കലും ഇതിനുമുമ്പു ഇത്രക്കു് ആനന്ദം അനുഭവിച്ചിട്ടില്ല. ഞാൻ ഹാ! യാതൊന്നിൽ ഇതിനു അർഹനല്ല" എന്നു പറഞ്ഞു. ദേവമാതാവിന്റെ കൃപയുടെ ഫലമാണു് ഈ പാപിയുടെ മാനസാന്തരമെന്നു എല്ലാവരും വിശ്വസിച്ചു.

സ്പെയിനിൽ മതസംബന്ധമായ പാഠങ്ങളെ നിഷ്കൃഷ്ടയായി നടത്തുന്നതിനു നാട്ടുകാർ ശ്രമംചെയ്യുവരുന്നു.

* * * *

ആഫ്രിക്കായിലെ തങ്കനിക്കാ വികാരിയാത്തിൽ മൂന്നാമതായി ഒരു സ്വദേശപുരോഹിതനെ ഈയിടെ അഭിഷേകം കഴിച്ചിരിക്കുന്നു.

* * * *


അമേരിക്കായിലെ കത്തോലിക്കാ സുവ്യക്തലാശാല വകയായി "ഡോക്ടർ ഓഫ് ലാസ്" എന്നൊരു ബഹുമതി ബൾട്ടിമോറിലെ മെത്രാപ്പോലീത്തായവർകൾ പ്രസിഡണ്ടു കോസ് ഗ്രോവിനു നൽകിയിരിക്കുന്നു.

* * * *

പ്രഞ്ചുകാരുടെ വക പടിഞ്ഞാറെ ആഫ്രീക്കായിലെ നാലുദേശപ്രമാണികളികളിൽ ഒരാൾ തന്റെ പന്ത്രണ്ടു മക്കൾക്കു ജ്ഞാനസ്നാനം കൊടുപ്പിക്കുകയുണ്ടായി.

കൃതജ്ഞതാപ്രകാശനം.

വി: കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥംവഴിയായിലഭിച്ച നന്മകൾക്കു ഉപകാരസ്മരണയായി ക്രമവണ അയക്കുന്നു. കുന്നുങ്കൽ ചാക്കൊ വക്കി. എൻറെഅമ്മക്കു് പിടിപെട്ട സുഖക്കേടു വി: കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥംവഴി പൂർണ്ണസുഖം ലഭിച്ചതിനു നന്ദിയായി ക്ര ക. അയക്കുന്നു. പി. എഫ്. ജോൺ. ആമ്പല്ലൂർ. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ അപേക്ഷ സാധിച്ചു. നന്ദിയായി ക്രമ. അയ്ക്കുന്നു. മേരിമോൺ പാലാട്ടുരുത്തി. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ എൻറെ ഭാര്യയുടെ പ്രസവം സുഖമായികഴിഞ്ഞതിനു നന്ദിയായി രൂക. പി. ജെ. ജോജ്ജു് കൊച്ചി. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഒരുകാര്യം സാധിച്ചു. നന്ദിയായി ക്രമ. വർണ. ഒരുഭക്ത. 'ചെറുപുഷ്പം' വഴി എൻറെ അപേക്ഷ സാധിച്ചതിനു നന്ദിയായി ക്രമ. കായനാടൻ വറീയു. ആലുവാ കൊച്ചുത്രേസ്യാപുണ്യവതിവഴി ഉദ്ദിഷ്ടകാര്യം സാധിച്ചു. നന്ദിയായി ക്രമ. ഇലഞ്ഞിക്കൽ ഇട്ടപ്പു. കുത്തിയതോട്ട. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ സുഖക്കേടുമാറി. നന്ദിയായി ക്രമ. കളപ്പുരയ്ക്കൽ ജോബ്. ഇടക്കൊച്ചി. ഉദ്ദിഷ്ടകാര്യം സാധിച്ചതിനു നന്ദി. ക്രമ. എം. എം. മേരി. കൊച്ചുത്രേസ്യാപുണ്യവതിയുടെ പ്രത്യേക സഹായത്താൽ പലനന്മകളും ലഭിച്ചതിനു ഉപകാരസ്മരണയായി ക്രമ. അയയ്ക്കുന്നു. എ. ഡി. ദേവസ്സി, മലയാളം എയിഡഡ് സ്കൂൾ ഹെഡ്മാസ്റ്റർ, ക്രൈസ്തേരി, തൃശ്ശൂർ. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടം സാധിച്ചു. ക്രമ. ജെ. എൻ. എൻറെ മകളുടെ ജ്വരം വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഭേദമായതിനു ഉപകാരസ്മരണ. വക. ജോസഫ് കോര മലയിൽ, തത്തമ്പിള്ളി. ഒരു വസ്തുവിൻറെ കാര്യം വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ ഭംഗികരമായിവന്നതിനു ഉപകാരസ്മരണയായി ചന്ദ്രികക്കു ക്രമ. അയക്കുന്നു. പറക്കാടത്തു പൌലൊ വറിയു്. ഞാൻ ആഗ്രഹിച്ചതു വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സാധിച്ചതിൻറെ ഉപകാരസ്മരണയായി ക്രമ. അയക്കുന്നു. വക്കി. ആനാപ്പുരുത്തി, ചിലവന്നൂർ.



കോൺഗൊ എന്ന രാജ്യത്തു വേദപ്രചരണവേല ചെയ്യുന്ന "വൈറ്റ് ഫാദേഴ്സ്" എന്ന കത്തോലിക്ക മിഷണറിമാർ, താങ്കനീയ്ക്ക കായലിനടുത്തുള്ള ഉറുണ്ടി എന്ന സ്ഥലത്തു മണ്ണുണ്ണുവനികളുണ്ടെന്നു കണ്ടുപിടിച്ചിരിക്കുന്നു.





എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുമ്പാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാങ്കൂർ അതിരുത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാങ്കൂർ അതിരുത്തികടത്തി കൊച്ചി അതിരുത്തിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വില കുപ്പി ഫ്രീ ക. മാത്രം.

ഫ്രയ്ൻ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറ് കമ്പനി.

വൈൻ കച്ചവടം,—എറണാകുളം.

വില ആദായം. നല്ല സാമാനം. ക്രൂലി ആദായം.

മരംകൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്ക്ഷോപ്പിൽ എപ്പോഴും തയാറുണ്ടു്. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറ്റിയ ചമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചകൾ, മണക്കോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയും കീർത്തിമുദ്രയും പാത്രീഭവിച്ചിട്ടുള്ള ഞങ്ങളുടെ ആച്ചും മണിക്കോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്തിൻ & ബ്രദേഴ്സ്

ഫർണിച്ചർ മാർട്ട്,

ബ്രോഡ്വേ—എറണാകുളം.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഫ കു. വ്യ ണ. ഒറ്റപ്രതിയ്ക്കു ഫ ണ. ന്യ പൈ.

ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറു അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറർ, "കഥാചന്ദ്രിക"

മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

ദന്തചികിത്സ.

പല്ലുകൾ മുഴുവനായി തയ്യാറാക്കികൊടുക്കുക, സ്വർണ്ണപ്പല്ലുകൾ വെച്ചുകൊടുക്കുക, വേദനകൂടാതെ പിഴുതെടുക്കുക, ദ്വാരമുള്ള പല്ലുകൾ വെള്ളികൊണ്ടു അടയ്ക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എത്രയും തൃപ്തികരമായവിധം ചെയ്തുകൊടുക്കുന്നതാണ്. എല്ലാദിവസവും ദീനക്കാരെ സ്വീകരിക്കും. പരിശോധനകൾക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഒരിക്കൽ പരീക്ഷിക്കുന്നതുകൊണ്ടുതന്നെ ആകൃഷ്ടരാകും പൂർണ്ണതൃപ്തിവരും.

ഡോക്ടർ സി. ഒ. ലാസർ, സി. ഡി എസ്സ്,

ബ്രോഡ്‌വെ,—എറണാകുളം.



പലേ കീർത്തിമുദ്രകളും

വീരശൃംഖലകളും ലഭിച്ചിട്ടുള്ള

ജെ. അഗസ്റ്റിൻ പത്യാല ആൻഡ് സൺസ്

ഐ. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലങ്കാരപ്പണികൾ, മിനുക്കുവർ, ഫോട്ടോ വലുതാക്കൽ, കൊത്തുപണികൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ടതങ്കവേല, ജീവതുല്യമായ പളുങ്കു കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടപുരാതന കരകൗശലത്തൊഴിൽക്കാരെ പ്രതിനിധീകരിപ്പിക്കുവിൻ. മിതമായ നിരക്കു—മേന്മയേറിയ പണി.

Printed and published by Rev. Jacob Nadu[illegible]thichery at the "Mar Louis Memorial" Press — Ernakulam.